Adjournment Motion

II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ആരോഗ്യമേഖലയിലെ ടാസ്ക്ഫോഴ്സ് രൂപീകരണം

മി. സ്പീക്കർ: സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്തെ തകർക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും മരുന്ന് കമ്പനികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ചതും പ്രസ്തുത ടാസ്ക് ഫോഴ്സ് യോഗത്തിൽ പുതിയ ആരോഗ്യനയം ആവിഷ്കരിക്കാൻ തീരുമാനിച്ചതും എസ്.എം.എ. മരുന്ന് പരീക്ഷണം സർക്കാർ ആശുപത്രികളിൽ ആരംഭിച്ചതുമൂലം രോഗികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിനായി സർവ്വശ്രീ കെ. പ്രേംകുമാർ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

Adjournment Motion

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഇതുസംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വിശദമായി സൂചിപ്പിക്കുന്നതാണ്. എനിക്കെതിരായി പരാമർശമുണ്ടെങ്കിൽ ഞാൻ അതിനുശേഷം മറുപടി പറയാം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശരിക്കും പറഞ്ഞാൽ, ഇങ്ങനെയുള്ളൊരു ആവശ്യം നിലനിൽക്കുന്നതല്ല. റൂൾ 52(3) അനുസരിച്ച് "The motion shall be restricted to a specific matter of recent occurrence" എന്ന് കൃത്യമായി പറയുന്നുണ്ട്. ഇതിൽ രണ്ട് മൂന്ന് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്; ഒന്ന്, ടാസ്ക്ഫോഴ്സ് രൂപീകരിച്ചതുമായി ബന്ധപ്പെട്ടതാണ്. അതുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ് എസ്.എം.എ.-യുടെ മരുന്നിന്റെ കാര്യം. ശരിക്കും പറഞ്ഞാൽ ഈ ഉപക്ഷേപം അനുവദിക്കാൻ പാടില്ലാത്തതാണ്, എങ്കിലും സർക്കാർ ഇതിന് മറുപടി പറയാൻ തയ്യാറാണ്. സർക്കാരിന് ഈ സഭയുടെ മുമ്പാകെ

ഇക്കാര്യങ്ങൾ പറയാൻ താൽപര്യമുണ്ട്. അതുകൊണ്ട് ൂളിന് വിരുദ്ധമായിട്ടാണ് ഇത് അവതരിപ്പിച്ചിരിക്കുന്നതെങ്കിലും സർക്കാർ അതിന് തയ്യാറാണ്. ആദ്യത്തെ കാര്യം, ടാസ്ക്ഫോഴ്സുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്തെ തകർക്കുന്നതിനും സ്വകാര്യ മരുന്ന് - ലാബ് - ഇൻഷുറൻസ് കമ്പനിക്കാരെ സഹായിക്കുന്നതിനും ലക്ഷ്യമിട്ട് സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും മരുന്ന കമ്പനികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ടാസ്ക്ഫോഴ്സ് രൂപീകരിച്ചതും ആരോഗ്യനയം രൂപീകരിച്ചതുമായ കാര്യങ്ങളാണ് അതിൽ പറഞ്ഞിരിക്കുന്നത്. എന്താണ് ഗവൺമെന്റ് ഓർഡറിൽ പറയുന്നത്? "Government have decided to constitute the Kerala Holistic Model for Health, Wellness and Longevity Task Force, in order to prepare an evidence-based implementable road map for a phased prevention and early detection framework, and a framework for appropriate treatment and rehabilitation, and an action plan for healthy ageing and wellness." രണ്ടു മൂന്ന് പ്രധാനപ്പെട്ട ഘടകങ്ങളുണ്ട്. ഒന്ന്, വലിയ വിദേശ

കമ്പനികൾ കേരളത്തിലെ ആശുപത്രികളും ഹെൽത്ത് കെയറും ഏറ്റെടുക്കുകയാണ്. ഇതുമൂലം രോഗികളുടെ ചികിത്സാ ചെലവ് അതിഭയങ്കരമായി വർധിപ്പിച്ചിരിക്കുകയാണ്. ഇന്ന് ലോകത്തുതന്നെ ഏറ്റവും കൂടുതൽ 'ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻസ്' (out of pocket expense) ഉള്ള ഒരു സംസ്ഥാനം കേരളമാണ്. 64 ശതമാനമാണ് പറയുന്നതെങ്കിലും 70 ശതമാനത്തിലധികമാണ് ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻസ്. നമുക്ക് പലപ്പോഴും രോഗം വന്നുകഴിഞ്ഞിട്ടുള്ള ചികിത്സയാണ് നിലവിലുള്ളത്. എന്നാൽ ഇന്ന് ലോകത്ത് ആ ആരോഗ്യ സമീപനം മാറി; അത് 'ഏർലി ഡിറ്റക്ഷൻ ആൻഡ് പ്രിവൻഷൻ' (early detection and prevention) ആണ്. കരൾ സംബന്ധമായ രോഗങ്ങളെല്ലാം സൂക്ഷ്മമായി കഴിയുമ്പോഴാണ് പലപ്പോഴും അറിയുന്നത്. ഇപ്പോഴുള്ള പുതിയൊരു അപ്രോച്ച് എന്ന് പറഞ്ഞാൽ, പത്ത് വയസ്സാകുമ്പോൾ മുതൽ പരിശോധിച്ചാൽ 25 വയസ്സാകുമ്പോഴേക്കും കരൾ രോഗ സാധ്യതയുണ്ടെങ്കിൽ അത് പൂർണ്ണമായി

ഇല്ലാതാക്കാൻ കഴിയും. ലോകത്തിന്റെ ആരോഗ്യ സമീപനം മൊത്തം മാറുകയാണ്. ആരോഗ്യം, വെൽനെസ്സ്, ലോഞ്ചിവിറ്റി (ദീർഘായുസ്സ്), പിന്നെ കേരളത്തിലുണ്ടാകുന്ന ഡെമോഗ്രാഫിക് ചേഞ്ചസ്– കേരളത്തിൽ ഏജിങ് പോപ്പുലേഷൻ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെയെല്ലാം നേരിടുക എന്നത് ഈ ഗവൺമെന്റിന്റെ നയമാണ്. ഞങ്ങൾ തിരഞ്ഞെടുപ്പ് കാലത്തും തിരഞ്ഞെടുപ്പിന് ശേഷവും പ്രഖ്യാപിച്ചിട്ടുള്ള ഒരു നയമാണിത്. ഹോളിസ്റ്റിക് മെഡിസിൻ വെൽനെസ്സ് സെന്ററുകളും റീഹാബ് സെന്ററുകളും കേരളത്തിൽ കൂടുതൽ ഉണ്ടാക്കുക, അതിന് അലോപ്പതിയെയും ആയുർവേദത്തെയും മറ്റ് മെഡിക്കൽ ബ്രാഞ്ചുകളെയുമെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഹോളിസ്റ്റിക് മെഡിക്കൽ അപ്രോച്ച് നടപ്പാക്കുക, അതിനുവേണ്ടിയുള്ള പദ്ധതികൾ രൂപപ്പെടുത്താനാണ് ഈ ടാസ്ക്ഫോഴ്സ് രൂപീകരിച്ചത്. ഇതിലെ അംഗങ്ങളെക്കുറിച്ചാണ് ആക്ഷേപം ഉന്നയിച്ചത്. അതിലൊരു അംഗത്തിന്റെ പേര് ഞാൻ പറയാം: ഡോ. ശിവകുമാർ സരിൻ. വെറും ഡോക്ടർ ശിവകുമാർ

സരിൻ അല്ല, പത്മഭ്രഷൺ ഡോ. ശിവകുമാർ സരിൻ. രാജ്യം അംഗീകരിച്ച വ്യക്തിയാണ്, ഇന്ത്യയിലെ ഒന്നാം നമ്പർ കരൾ രോഗ വിദഗ്ധനാണ് അദ്ദേഹം. രണ്ടാമത്തെയാൾ ആരാണ്? ഇവർ മോശമായി പേര് പറയുന്ന ആളുകളാണ്. മലയാളികൾക്ക് മുഴുവൻ അഭിമാനമായ ഡോ. എം. വി. പിള്ള, ഈ കമ്മിറ്റിയിലെ അംഗമാണ്. ഇന്ത്യയിൽ ആദ്യമായി ഏറ്റവും മികച്ച വെൽനെസ്സ് സെന്റർ സ്ഥാപിച്ച സംരംഭകൻ ശ്രീ. ഫൈസൽ ഇ. കൊട്ടിക്കോളൻ. കോഴിക്കോട്ടെ തുലാ ക്ലിനിക്കൽ വെൽനസ്സ് സെന്ററിന്റെ സ്ഥാപകൻ; ഗുണമേന്മയുള്ള ആധുനിക ആരോഗ്യ പരിചരണം എന്ന കൺസെപ്റ്റ് കേരളത്തിൽ ആദ്യം കൊണ്ടുവന്നയാൾ. കോയമ്പത്തൂരിലെ ആര്യവൈദ്യ ഫാർമസി സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്ടറാണ് ശ്രീ. ദേവദാസ് വാര്യർ. അടുത്തത്, ഈ രംഗത്ത് കഴിവ് തെളിയിച്ച വ്യക്തിയാണ് പത്മശ്രീ ഡോ. ഹർഷ് മഹാജൻ; മെഡിക്കൽ ഇമേജിങ്, റേഡിയോളജി, രോഗനിർണ്ണയ സാങ്കേതികവിദ്യകൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന

പ്രമുഖ ഡോക്ടറാണ് അദ്ദേഹം. ഡോ. പ്രതാപ് ചൗഹാൻ ആയുർവേദ ചികിത്സാരംഗത്തെ പ്രമുഖനായ ഡോക്ടറാണ്. ആധുനിക ആശുപത്രികളുടെ സംവിധാനത്തിലും സങ്കീർണ്ണ രോഗങ്ങൾക്കുള്ള ചികിത്സാ സേവനങ്ങളുടെ വിപുലീകരണത്തിലും പ്രവർത്തിച്ചിട്ടുള്ള ആരോഗ്യ രംഗത്തെ പ്രധാനപ്പെട്ട വ്യക്തിയാണ് ഡോ. കാഞ്ചർല രവീന്ദ്രനാഥ്. യു.ഡി.എഫ്.-ന്റെ ഹെൽത്ത് കമ്മീഷന്റെ ചെയർമാനായിരുന്ന, പൊതുജനാരോഗ്യ കാര്യത്തിലും ആരോഗ്യനയം, പകർച്ചവ്യാധി നിയന്ത്രണം എന്നീ മേഖലകളിലും യു.എൻ.-ൽ പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ് ഡോ. എസ്. എസ്. ലാൽ. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ മാനേജിങ് ട്രസ്റ്റിയും ചീഫ് ഫിസിഷ്യനുമാണ് ഡോ. പി. എം. വാര്യർ. അമേരിക്കയിലെ കേരള മെഡിക്കൽ ബിരുദധാരികളുടെ സംഘടനയായ അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജ്വേറ്റ്സിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയും പ്രവാസി മലയാളി ഡോക്ടർമാരുടെ പ്രൊഫഷണൽ കൂട്ടായ്മകൾക്കെല്ലാം നേതൃത്വം കൊടുക്കുന്നയാളുമായ വ്യക്തിയാണ് ഡോ.

നിഷാ നിഖിൽ. ഭരണരംഗത്തെ വിദഗ്ധനും അഡ്മിനിസ്ട്രേറ്റർ ആയിരുന്നപ്പോൾ ഈ രംഗത്ത് ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമായ, ഉത്തർപ്രദേശിലെ മുൻ ചീഫ് സെക്രട്ടറി ദീപക് സിംഗാൾ. ഇത്രയും പേരാണ് ഇതിലുള്ളത്. ഇവരാണ് കേരളത്തിലെ ആരോഗ്യരംഗത്തെ മുഴുവൻ സ്വകാര്യവൽക്കരിച്ച് കടത്തിക്കൊണ്ട് പോകും, ഇവർ മുഴുവൻ കുളമാക്കും എന്ന് പറഞ്ഞുകൊണ്ടുള്ള ആരോപണങ്ങളാണ് ഈ മനുഷ്യരെക്കുറിച്ച് ഉന്നയിക്കുന്നത്. രാജ്യം ആദരിക്കുന്ന പ്രമുഖരെയാണ് ഞങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ നയമാണ് ഞങ്ങൾ വ്യക്തമാക്കിയത്. എല്ലാ പുതിയ പദ്ധതികളും കൊണ്ടുവരുമ്പോൾ ഞങ്ങൾക്ക് നോളഡ്ജ് പാർട്ണേഴ്സ് ഉണ്ടാകും; അറിവുള്ളവരുടെ സേവനം ഈ ഗവൺമെന്റ് സ്വീകരിക്കും. നമുക്ക് ഇക്കാര്യങ്ങളെക്കുറിച്ച് അറിവുണ്ടാകണമെന്നില്ല, എന്നാൽ ലോകത്ത് ഇപ്പോൾ നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് നമുക്കറിയണം.

രണ്ടാമത്തെ കാര്യം, എസ്.എം.എ. മരുന്ന് വിതരണവുമായി ബന്ധപ്പെട്ടതാണ്. ഇതിനകത്ത് ഒരു പരസ്പരവിരുദ്ധമായ കാര്യമുണ്ട്. ആദ്യത്തെ ഭാഗത്ത് പറഞ്ഞത് കേരളത്തിലെ ആരോഗ്യരംഗത്തെ കോർപ്പറേറ്റ് വൽക്കരിക്കാൻ ശ്രമിക്കുന്നു എന്നാണ്; അതൊരു സ്ഥിരം വാചകമാണ്. രണ്ടാമത്തെ കാര്യമെന്താണ്? 5,50,000 രൂപയുടെ മരുന്ന് 15,000 രൂപയ്ക്ക് നൽകാൻ പോകുന്നതിന് എതിരായിട്ടാണ് പറയുന്നത്. അന്താരാഷ്ട്ര കമ്പനിയുടെ പേറ്റന്റ് മോണോപോളി അവസാനിപ്പിച്ച് ഇന്ത്യൻ കമ്പനി വിൽക്കുന്ന മരുന്നാണിത്. എസ്.എം.എ. ബാധിച്ച ആളുകൾക്ക് പന്ത്രണ്ട് ദിവസത്തെ മരുന്നിന് ആറര ലക്ഷം രൂപയോളം ചെലവ് വരും. ആ സ്ഥാനത്താണ് പന്ത്രണ്ട് ദിവസത്തെ മരുന്ന് പതിനയ്യായിരം രൂപയ്ക്ക് ലഭ്യമാക്കുന്നത്. സുപ്രീം കോടതി വിധിയും ഹൈക്കോടതി വിധിയും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരവും എല്ലാ ഏജൻസികളുടെയും പൂർണ്ണമായ അംഗീകാരവുമുള്ള ഈ മരുന്ന് നൽകുന്നതിനെതിരെയാണ് ഇവർ ബഹളമുണ്ടാക്കുന്നത്. എന്തൊരു പരസ്പരവിരുദ്ധമാണ്! ഈ പാവപ്പെട്ട

കുട്ടികൾക്കായി എടുത്ത ഈ തീരുമാനത്തിൽ, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരനെയും ആരോഗ്യ വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ഈ സമയം വിനിയോഗിക്കുകയാണ്. എന്തൊരു ആശ്വാസമാണ് ആ കുടുംബങ്ങൾക്ക് ഇതുമൂലം ഉണ്ടായിരിക്കുന്നത്. പന്ത്രണ്ട് ദിവസത്തെ മരുന്നിന് ആറര ലക്ഷം രൂപ കൊടുക്കേണ്ടി വരുമ്പോൾ അത് പതിനയ്യായിരം രൂപയ്ക്ക് കൊടുക്കുന്നു; ആ തുക ഇനിയും കുറയ്ക്കാൻ സാധിക്കും. സാമ്പിളുകൾ ഉൾപ്പെടെ ലഭ്യമാക്കി അത് ഒമ്പതിനായിരം രൂപയിലേക്ക് വരെ കുറച്ചുകൊണ്ടുവരാനാണ് ഞങ്ങളുടെ ആഗ്രഹം. ആരോഗ്യ രംഗത്തെ കേരളത്തിലെ മികച്ച മേഖലയാക്കി മാറ്റാനുള്ള ദൃഢപ്രതിജ്ഞ എടുത്തിട്ടുള്ള സർക്കാരാണിത്. അതുകൊണ്ട് ഈ പ്രമേയം ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

ശ്രീ. കെ. പ്രേംകുമാർ: സർ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം എത്രമാത്രം പ്രസക്തമാണ് എന്ന് കാണിക്കുന്നതാണ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം. കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ വകുപ്പിലെ ഈ 'ടാസ്ക്ഫോഴ്സ് 2026'-മായി ബന്ധപ്പെട്ട ഫയൽ കാണുന്നത് ഇരുപതാമത്തെ ആളായിട്ടാണ്. ആദ്യം കാണേണ്ട ആരോഗ്യ വകുപ്പുമന്ത്രി കാണുന്നതിന് മുമ്പ് ഇവിടെ വിശദീകരണം നൽകിയിട്ടുള്ള മുഖ്യമന്ത്രി പ്രസ്തുത ഫയൽ കണ്ടിട്ടുണ്ട്. മുഖ്യമന്ത്രി ഫയൽ കണ്ട് പതിനൊന്നാമനായിട്ടാണ് ആദ്യം കാണേണ്ട ആരോഗ്യ വകുപ്പുമന്ത്രി ഈ ഫയൽ കണ്ടത് എന്നതുതന്നെ, യഥാർഥത്തിൽ ആരോഗ്യവകുപ്പിൽ കോർപ്പറേറ്റ് വൽക്കരണത്തിന്റെ സാധ്യതകളെ, ക്ലീഷേ എന്ന നിലയിൽ പറഞ്ഞ സാധ്യതകളെ കൃത്യമായി നമ്മുടെ നാടിനും സമൂഹത്തിനും ബോധ്യപ്പെടുത്തി തരുന്നതാണ് എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇവിടെ അദ്ദേഹം പരാമർശിച്ച പതിനാറംഗ സമിതിയിലെ പേരുകളിൽ ഏറ്റവും ഒടുവിൽ പറഞ്ഞ പേരാണ് ദീപക് സിംഗാൾ. എന്താണ് അദ്ദേഹത്തിന്റെ യോഗ്യത? യു.പി.-യിൽ അഴിമതി ആരോപണം നേരിട്ട മുൻ ചീഫ് സെക്രട്ടറിയാണ് അദ്ദേഹം; അത്

നിഷേധിക്കുന്നുണ്ടോ; യു.പി.-യിൽ നിന്ന് ആരോഗ്യ രംഗത്ത് എന്താണ് കേരളത്തിന് പഠിക്കാനുള്ളത്? കേരളത്തിന്റെ ആരോഗ്യ രംഗത്തെ മികവ് എടുത്തുപറയേണ്ടതാണ്. ഇന്ന് ഇന്ത്യയിൽ സൗജന്യ ചികിത്സാപദ്ധതിയുള്ള ഒരേയൊരു സംസ്ഥാനം നമ്മുടെ കേരളമാണ്. എല്ലാവർക്കും ആരോഗ്യ പരിരക്ഷ നൽകുക എന്നത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണ് എന്ന് കണ്ടുകൊണ്ട് മുന്നോട്ടുപോകുന്ന നാടാണ് കേരളം. പൊതുജനാരോഗ്യവും വാണിജ്യ വെൽനെസ്സും തമ്മിലുള്ള വ്യത്യാസം എന്നുപറയുന്നത് വളരെ വലുതാണ്. വാണിജ്യ വെൽനെസ്സ് വ്യവസായത്തിന്റെ ലക്ഷ്യം ആരോഗ്യത്തിനും ദീർഘായുസ്സിനുമായി എന്തെല്ലാം സേവനങ്ങളാണ് വിപണിയിൽ വിൽക്കാൻ കഴിയുക എന്ന് നോക്കലാണ്. എന്നാൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ലക്ഷ്യം ഒരു സമൂഹത്തെ മുഴുവൻ എങ്ങനെ ആരോഗ്യത്തോടെ നിലനിർത്താം എന്നതാണ്. എല്ലാവർക്കും അർഹമായതും പ്രാപ്യമായതുമായ ആരോഗ്യ സേവനങ്ങൾ എന്ന നിലയിൽ നിന്ന് സമ്പന്നർക്കുമാത്രം പ്രാപ്തമായ വെൽനെസ്സ് സേവനങ്ങളിലേക്ക്

Adjournment Motion

കേരളത്തിലെ പൊതുജനാരോഗ്യ രംഗത്തിന്റെ ശ്രദ്ധ മാറുന്നു, 'യു-ടേൺ' അടിക്കുന്നു എന്നുള്ളതിന്റെ കൃത്യമായ സൂചനയായിട്ടാണ് ഞങ്ങൾ ഈ ടാസ്ക്ഫോഴ്സിനെ കാണുന്നത്. ഇവിടെ കേരളം കൈവരിച്ച നേട്ടങ്ങളുണ്ട്. 2016 വരെ ഉച്ചയ്ക്ക് പൂട്ടിപ്പോകുന്ന പി.എച്ച്.സി.-കളാണുണ്ടായിരുന്നത്. കഴിഞ്ഞ പത്തുകൊല്ലംകൊണ്ട് പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി (എഫ്.എച്ച്.സി) മാറ്റി. താലൂക്കാശുപത്രികളിൽ പത്തുകൊല്ലംമുമ്പ് ലഭിച്ചിരുന്ന സേവനങ്ങളല്ല ഇപ്പോഴുള്ളത്. കേരളത്തിൽ ഇടതുപക്ഷം മാത്രമാണ് ഇതെല്ലാം ചെയ്തതെന്നല്ല ഞാൻ പറയുന്നത്. പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ കാര്യത്തിൽ ഇടതുപക്ഷ സർക്കാരുകൾക്ക് ഒരു നിർണ്ണായകമായ പങ്ക് ഉണ്ടെന്ന് ഈ നാടിന് നല്ല ബോധ്യമുള്ളതാണ്. ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി മാറ്റുകയും കാത്ത്ലാബ്, ആൻജിയോപ്ലാസ്റ്റി, ഡയാലിസിസ് സൗകര്യങ്ങൾ എന്നിവ സാധാരണക്കാർക്ക് പ്രാപ്യമാകുന്ന സ്ഥിതിയിലേയ്ക്ക് മാറ്റിയില്ലേ? രാജ്യത്തിന് മാതൃകയായിട്ടുള്ള പൊതുജനാരോഗ്യ മേഖലയാക്കി നമ്മുടെ നാടിനെ മാറ്റി. 2016 വരെ 665

കോടി രൂപയായിരുന്ന ഒരു വർഷം ബജറ്റിൽ ആരോഗ്യമേഖലയ്ക്കുള്ള നീക്കിയിരിപ്പ്. എന്നാലത് 2016- നുശേഷം ഓരോ വർഷവും 3000 കോടി രൂപയിലധികമാക്കി വർധിപ്പിച്ചിരുന്നു. ആർദ്രം മിഷനും കിഫ്ബി പദ്ധതിയും പതിനായിരം കോടി രൂപയിലധികം രൂപ ചെലവാക്കിയുള്ള ആശുപത്രി ചികിത്സാ സമുച്ചയങ്ങൾ എന്നിവ നമ്മുടെ നാട്ടിൽ യാഥാർഥ്യമാക്കി. ഒറ്റപ്പാലത്ത് മാത്രമല്ല, ഏതാണ്ട് എല്ലാ നിയോജകമണ്ഡലങ്ങളിലെയും പ്രധാനപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയതിന്റെ അനുഭവമുള്ളവരല്ലേ നമ്മളെല്ലാം. ഇപ്പോൾ അമേരിക്കയെക്കാൾ കുറഞ്ഞ ശിശുമരണ നിരക്കുള്ള നാടായി കേരളം മാറി. അത് തനിയെ മാറിയതാണോ; നിലവിൽ അട്ടപ്പാടിയിൽ മൂന്ന് നാല് മാസത്തിനുള്ളിൽ എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കും അറിയാവുന്നതാണല്ലോ? യാദൃശ്ചികമായി അക്കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് ഉപക്ഷേപത്തിലേയ്ക്ക് വരൂ.....

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ വിശദമായി പറയുന്നില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏഴ് കുട്ടികളും ജനറൽ വിഭാഗത്തിൽപ്പെട്ട രണ്ട് കുട്ടികളുമുൾപ്പെടെ ഒമ്പത് നവജാത ശിശുക്കൾ നാല് മാസംകൊണ്ട്, നൂറുദിനത്തിനിടയിൽ മരണപ്പെട്ട നാടായി നമ്മുടെ നാട് മാറി. നിപ്പയെ സംബന്ധിച്ചാണെങ്കിൽ, ആഗോള മരണനിരക്ക് എഴുപത് മുതൽ തൊണ്ണൂർ ശതമാനംവരെ ഉള്ളപ്പോഴാണ് കേരളം മുപ്പത്തിമൂന്ന് ശതമാനത്തിലേക്ക് നിപ മരണനിരക്ക് പിടിച്ചു നിർത്തിയതെന്നത് നമ്മൾ കാണണം. ഇവിടെ അവയവമാറ്റത്തിന് പ്രത്യേക സെന്റർ, കൊച്ചിയിൽ കാൻസർ സെന്റർ, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആരോഗ്യ മേഖലയെ എല്ലാവർക്കും പ്രാപ്യമാക്കുന്നതാക്കി മാറ്റി. 'കേരള ഹോളിസ്റ്റിക് മോഡൽ ഫോർ ഹെൽത്ത്, വെൽനെസ് ആൻഡ് ലോഞ്ചിവിറ്റി ടാസ്ക് ഫോഴ്സ് 2026' രാജ്യത്തെ വൻകിട കോർപ്പറേറ്റ് മേധാവികൾ ഇതിലില്ലേ; ഇവിടെ വായിച്ച ലിസ്റ്റിൽ എന്തുകൊണ്ട് ദീപക് സിംഗാളിന്റെ പേര് ഏറ്റവും അവസാനത്തേതായി അവതരിപ്പിച്ചു; ഇദ്ദേഹം സർവീസ് കാലത്ത് ആരോഗ്യ രംഗത്ത് എന്ത് സംഭാവനയാണ് നൽകിയിട്ടുള്ളത്; കോവിഡ്

കാലത്ത് യു.പി.-ലെ നദികളിലൂടെ മൃതശരീരം ഒഴുകി നടക്കുന്ന വാർത്ത പ്രസിദ്ധീകരിച്ച മാധ്യമ സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുത്ത നാടാണ് യു.പി. എന്ന് നമ്മുടെ നാട് ഈ സന്ദർഭത്തിൽ കൃത്യമായി മനസ്സിലാക്കേണ്ടതാണ്. ജി.ടി.ടി.സി.ഐ (ഗ്ലോബൽ ട്രേഡ് ആൻഡ് ടെക്നോളജി കൗൺസിൽ ഓഫ് ഇന്ത്യ)-യുടെ ലീഡർഷിപ്പിലുള്ള അഡ്വൈസറി ബോർഡ് അംഗമാണ് ദീപക് സിംഗാൾ. അദ്ദേഹമാണ് കേരളത്തിന്റെ ആരോഗ്യ മേഖലയിൽ കൺസെപ്റ്റ് നോട്ട് അവതരിപ്പിക്കുന്നത്. ആ കൺസെപ്റ്റ് നോട്ടിന്റെ ഭാഗമായി ഒരു കച്ചവടക്കാരനെ കേരളത്തിന്റെ ആരോഗ്യനയം രൂപീകരിക്കാൻ ഗവൺമെന്റ് ചുമതലപ്പെടുത്തുകയാണോ എന്ന് കൃത്യമായി മറുപടി പറയേണ്ടതുണ്ട്. സ്വകാര്യ ചികിത്സാ ഇൻഷ്വറൻസ് വ്യവസായത്തിന്റെ മാർക്കറ്റാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യമാണ് യു.ഡി.എഫ്. സർക്കാരിനുള്ളതെന്ന് നമ്മുടെ നാട് തിരിച്ചറിയേണ്ടതുണ്ട്. നിലവിലുള്ള സംവിധാനത്തെ പൂർണ്ണമായും തകർക്കുക എന്ന വാശിയാണ് ഇതിന്റെ ഭാഗമായുള്ളത്. സാധാരണക്കാർക്ക് സാർവത്രികവും സൗജന്യവുമായി ലഭിച്ചുവരുന്ന

ചികിത്സാ സൗകര്യങ്ങളെ ഇല്ലാതാക്കി നമ്മുടെ ആരോഗ്യ സംവിധാനത്തെ പൂർണ്ണമായും കോർപ്പറേറ്റ് വൽക്കരിക്കാനുള്ള നീക്കത്തിന്റെ തുടർച്ചയാണിതെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. ആരാണ് ഈ സമിതിയിലേയ്ക്കുള്ള പേരുകൾ നിർദ്ദേശിച്ചത്; കെ.പി.സി.സി. ആണോ; ആരോഗ്യ വകുപ്പാണോ; അതോ യു.ഡി.എഫ്. ആണോ? ഏത് സമിതിയാണ് ഈ 16 അംഗ വിദഗ്ധ സമിതിയിലെ പേരുകൾ നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കുന്നുണ്ടോ? അതിവിദഗ്ധർ എന്നു പറയുന്നവർ ആരുടെ പിൻബലത്തിലാണ് നുഴഞ്ഞ് കയറിയത്; ആരാണ് ഈ കച്ചവടം ഉറപ്പിച്ചത്? ഈ സഭയും ജനങ്ങളും ഇതിന്റെ കാണാപ്പുറങ്ങൾ അറിയേണ്ടതുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ആരോഗ്യ രംഗത്ത് മുതൽമുടക്കുന്നവരുടെ ഒരു കോൺക്ലേവ്/മീറ്റിംഗ് സംഘടിപ്പിക്കണമെങ്കിൽ അതാണ് സർക്കാരിന്റെ ഉദ്ദേശ്യമെങ്കിൽ ഒരു ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിയാൽ പോരെ; ഈ രംഗത്ത് മുതൽ മുടക്കാനും അഭിപ്രായ രൂപീകരണത്തിനുമുള്ള ഒരു സംവിധാനമെന്ന നിലയിൽനിന്നും മാറി, നമ്മുടെ നാടിന്റെ ആരോഗ്യ രംഗത്തെ ഡാറ്റ എന്നുപറയുന്നത് വളരെ

വലുതാണ്. 24-10-2026-ന് മാതൃഭൂമി ദിനപ്പത്രത്തിൽ അതുസംബന്ധിച്ച് കൃത്യമായ വർത്ത വന്നിട്ടുണ്ട്. പത്രത്തിൽ വന്ന വാർത്ത ഇതുവരെ നിഷേധിക്കപ്പെട്ടിട്ടില്ലല്ലോ? ....(ബഹളം).... ആരോഗ്യ രംഗത്തെ മാറ്റാൻ ത്രുപരേഖ അവതരിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ വിവരങ്ങൾ എങ്ങനെ ഈ രേഖയിൽ വന്നു; ദീപക് സിംഗാൾ അവതരിപ്പിച്ച രേഖയിൽ എങ്ങനെ ഈ ഡാറ്റയുടെ ചില വിശദാംശങ്ങൾ വന്നു? 46 പേജുള്ള ആ ഡാറ്റയിൽ, അപ്പോൾ അത് ചോർത്തിക്കൊടുക്കുകയാണ്. ഡാറ്റ എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ആ യോഗത്തിന്റെ ചെലവ് വഹിച്ചതുതന്നെ ഒരു വ്യവസായി ആണെന്ന് രണ്ട് ദിവസം മുമ്പ് പ്രസിദ്ധീകരിച്ച മാതൃഭൂമി ദിനപ്പത്രത്തിന് കൊടുക്കേണ്ടിവന്ന സാഹചര്യമുണ്ടായി. ആശ്രുപത്രികളിൽ മരുന്ന് ഇല്ലെന്നുള്ളത് വാർത്ത മാത്രമാണോ, സത്യമല്ലേ; ഇതിനുമുമ്പ് ശ്രീ. കെ. വി. സുമേഷ് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന്റെ ഭാഗമായി അക്കാര്യങ്ങളെല്ലാം അവതരിപ്പിച്ചതാണ് - ചികിത്സാ പിഴവിന്റെ കാര്യം. ഇവിടെ ക്ലിനിക്കൽ ട്രയലിനുള്ള മരുന്ന് പരീക്ഷണാടിസ്ഥാനത്തിൽ

വിൽക്കുകയാണ്. എസ്.എം.എ. രോഗം ബാധിച്ച രോഗികൾ എന്നു പറഞ്ഞാൽ കുട്ടികളാണ്, കഴുത്തുറയ്ക്കാത്ത, നട്ടെല്ലുറയ്ക്കാത്ത, നടക്കാൻ പ്രയാസമുള്ള കുട്ടികളാണവർ. ആ കുട്ടികൾക്ക് ജനറിക് മരുന്ന് നൽകുന്നതിൽ ഇടതുപക്ഷത്തിന്/സി.പി.ഐ.(എം)-ന് ഒരു നിലയിലും വിരോധമില്ലെന്നു മാത്രമല്ല, അങ്ങനെ നൽകണമെന്ന് ആവശ്യപ്പെട്ട പ്രസ്ഥാനവും ജനപ്രതിനിധികളുമാണ് സി.പി.ഐ.(എം)-ന്റെ ഭാഗമായിട്ടുള്ളതെന്നതുകൂടി സൂചിപ്പിക്കുകയാണ്. പക്ഷെ നടപടിക്രമങ്ങൾ പാലിച്ചോ? NATCO Pharma Limited എന്നു പറയുന്ന കമ്പനിക്ക് ജനറിക് മരുന്ന് വില്പനയ്ക്ക് അനുമതി ലഭിക്കുന്നത് 2025 ഒക്ടോബറിൽ ബഹു.സുപ്രീംകോടതിയുടെ വിധിയെത്തുടർന്നാണ്. കേരളത്തിൽ വിതരണത്തിന് അനുമതി നൽകിയത് 2026 ജൂലൈ മാസമാണ്. 2026 സെപ്റ്റംബർ മാസം അവസാനം ഷോർട്ട് ടെൻഡർ ക്ഷണിച്ച് NATCO Pharma Limited-ന് സപ്ലൈ ഓർഡർ നൽകിയെന്നാണ് അറിയുന്നത്. ടെൻഡറിൽ പങ്കെടുത്ത ഏക കമ്പനിയാണ് NATCO Pharma Limited. നിയമവിരുദ്ധമായി അതിന് ഇളവ് നൽകുകയാണ്. അതാണ് പ്രശ്നം. കമ്പനി

ഏത്, മരുന്ന് ഏത്? എന്നതിനപ്പുറത്ത് ഇളവു നൽകുന്ന, അതിനിടയിൽ തങ്ങളുടെ അജണ്ട ഒളിച്ചു കടത്തുകയാണ്. മൂന്ന് വർഷമായിരുന്ന മാർക്കറ്റ് സ്റ്റാൻഡിങ് ഒരു വർഷമായി ചുരുക്കിയിട്ടുണ്ട്. 9-10-2026 ആണ് ഇതിന്റെ എക്സ്പയറി ഡേറ്റ്. കേരളത്തിൽ മരുന്നുകൾക്ക് മിനിമം ഷെൽഫ് ലൈഫ് ഒരു വർഷമായിരിക്കണമെന്നാണ് നിയമം; എന്നാൽ വാങ്ങിയ മരുന്നുകളിൽ പലതിനും ആറു മുതൽ ഏഴ് മാസത്തിൽ താഴെ മാത്രമാണ് കാലാവധി ബാക്കിയുള്ളത്. 2025 ഒക്ടോബർ മാസത്തെ സുപ്രീംകോടതി വിധിയെത്തുടർന്ന് സപ്ലൈ ചെയ്ത മരുന്നുകൾ 2025 മേയ് മാസത്തിൽ ഉൽപാദിപ്പിച്ചതാണ്. ഒക്ടോബറിൽ ബഹു.സുപ്രീംകോടതി അനുമതി കൊടുക്കുന്നു. അവിടെ മരുന്നുകൾ കൊടുക്കുന്നത് 2025 മേയ് മാസത്തിൽ, ബഹു.സുപ്രീംകോടതി അനുവദിക്കുന്നതിന് അഞ്ചുമാസം മുമ്പ് ആ മരുന്നുകൾ സപ്ലൈ ചെയ്യുകയാണ്. 'ഫിസിഷ്യൻ സാമ്പിൾ ക്ലിനിക്കൽ ട്രയൽ' എന്നു പറഞ്ഞ് പല ബോട്ടിലുകളിലുമായി മരുന്നുകൾ സപ്ലൈ ചെയ്യുകയാണ്. മരുന്നിന്റെ പരീക്ഷണമായി, മരുന്ന് പരീക്ഷിക്കാനുള്ളവരായിട്ട് എസ്.എം.എ. ബാധിച്ച കുട്ടികളെ മാറ്റുകയാണോ? എസ്.എം.എ. ബാധിച്ച

എല്ലാവർക്കും സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനാണ് എൽ.ഡി.എഫ്. ഗവൺമെന്റ് പരിശ്രമിച്ചത്. അത് നടപ്പിലാക്കാൻ ഈ സർക്കാർ തയ്യാറാകുമോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം.

ഒറ്റക്കാര്യം കൂടി സൂചിപ്പിക്കുകയാണ്, കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെ പരിഹസിക്കുകയാണ് ആരോഗ്യ വകുപ്പുമന്ത്രി ചെയ്യുന്നത്. ഞാൻ അദ്ദേഹത്തിന്റെ പരിഹാസത്തിന് പൂർണ്ണമായും ആ നിലയിൽത്തന്നെ മറുപടി നൽകാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നത്തെ സംബന്ധിച്ച് സൂചിപ്പിച്ചപ്പോൾ, 'കത്തിക സൗജന്യമായി നൽകാറില്ല' എന്ന ഒരു പ്രയോഗമാണ് അദ്ദേഹം നടത്തിയത്. ഇതാണോ ഉത്തരവാദിത്വ ബോധമുള്ള കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തെ സംരക്ഷിക്കേണ്ട ഒരു മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ട മറുപടി; എന്നാൽ 18-09-2026-ന് കോന്നി മെഡിക്കൽ കോളേജിൽ 16 വയസ്സുകാരിക്ക് 86 വയസ്സുകാരിയുടെ എക്സ്റേ മാറി നൽകിയില്ലേ; അതെല്ലാം ആരോഗ്യ വകുപ്പുമന്ത്രിയുടെ മാത്രം ഉത്തരവാദിത്വമാണോ, മാനന്തവാടി മെഡിക്കൽ

കോളേജിൽ ഹൃദ്രോഗമില്ലാത്ത രോഗിക്ക് തെറ്റായ ലാബ് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.സി.യു.-വിൽ അവരെ അഡ്മിറ്റാക്കി ചികിത്സിച്ചില്ലേ; ആരുടെ ഉത്തരവാദിത്വമാണ്? എഴുപതിലേറെ ചികിത്സാ പിഴവുകളുണ്ടായില്ലേ; രണ്ട് രോഗികൾ കട്ടിലിൽനിന്നും വീണ് മരിച്ചില്ലേ; കാസർഗോഡ് ജില്ലയിൽ ബായാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പതിനഞ്ച് വയസ്സുകാരന് നൽകിയത് കാലാവധി കഴിഞ്ഞ ആന്റിബയോട്ടിക് മരുന്നായിരുന്നു. ആറ്റിങ്ങലിൽ നാല് വയസ്സുകാരിക്ക് കാലാവധി കഴിഞ്ഞ മരുന്ന് നൽകി മുഖമാകെ പൊള്ളിപ്പോകുന്ന സ്ഥിതിയുണ്ടായി.

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ് ശ്രീ. കെ. പ്രേംകുമാർ..

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, പവർക്കട്ട് സമയത്ത് ശസ്ത്രക്രിയ മാറ്റിവയ്ക്കണമെന്നു പറയുന്ന നിലയിലേയ്ക്ക് നമ്മുടെ നാടിനെ മാറ്റിയില്ലേ? ബൃഹത്തായ നമ്മുടെ ആരോഗ്യ രംഗത്തെ ഒറ്റപ്പെട്ടുണ്ടാകുന്ന ചില സംഭവങ്ങളെ പർവതീകരിക്കുന്ന രീതിയിൽനിന്ന് നിങ്ങൾ പിന്മാറണം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബിരുദദാന ചടങ്ങിൽ വച്ച്

'ന്യായമല്ലാത്ത നിരവധി കാര്യങ്ങൾക്ക് താനടക്കം സർക്കാരിനെ വിമർശിച്ചിരുന്നു' വെന്ന് അദ്ദേഹത്തിന് പറയേണ്ടിവന്നു. ഏറ്റവുമൊടുവിൽ, ഇന്നലെ കേരളത്തിൽ എസ്.സി.ഇ.ആർ.ടി.-യുടെ ഡയറക്ടറായിരുന്ന ആളിന് എല്ല് പൊട്ടാതെ പ്ലാസ്റ്റർ ഇട്ടുപോകുന്ന നിലയിലേക്ക് കേരളത്തിന്റെ ആരോഗ്യ രംഗത്തെ മാറ്റുന്ന ഈ നയം, യൂ-ടേൺ അടിക്കുന്ന, കോർപ്പറേറ്റ് വൽക്കരണത്തിന് നമ്മുടെ നാടിനെ വിട്ടുകൊടുക്കുന്ന ഈ നയത്തിൽനിന്ന് സർക്കാർ പിന്തിരിയണമെന്ന് ഈ ഉപക്ഷേപത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നു. സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ആരോഗ്യമേഖലയിലെ ടാസ്ക് ഫോഴ്സ് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദമായ മറുപടി നൽകുന്നതാണ്. ജനറിക് മരുന്നുകൾക്ക് അവർ എതിരല്ലെന്നും സാമ്പിൾ മരുന്നുകൾ നൽകിയതിനാണ് എതിർപ്പ് പ്രകടിപ്പിച്ചതെന്നുമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഗുരുതര ജനിതക രോഗം ബാധിച്ച എസ്.എം.എ. (Spinal Muscular

Atrophy) കുട്ടികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നതിലൂടെ അപൂർവരോഗ ചികിത്സാരംഗത്ത് രാജ്യത്തിന് മാതൃകയായ സംസ്ഥാനമാണ് കേരളം. എന്നാൽ രോഗബാധിതർക്ക് നിലവിൽ നൽകിവരുന്ന വില കൂടിയ ബ്രാൻഡഡ് മരുന്ന് ഒഴിവാക്കി പകരം മറ്റൊരു കമ്പനിയുടെ വില കുറഞ്ഞ മരുന്ന് വാങ്ങാൻ സർക്കാർ നിർദേശം നൽകിയെന്ന മാധ്യമങ്ങളുടെ റിപ്പോർട്ട് വളരെയധികം അദ്ദേഹത്തെ ഞെട്ടിച്ചുവെന്നും കഴിഞ്ഞ 12-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്ക് അയച്ച കത്തിൽ സൂചിപ്പിച്ചിരുന്നു. കൂടാതെ എസ്.എം.എ. ബാധിതർക്ക് 12 വയസ്സുവരെ നൽകിയിരുന്ന മരുന്ന് 25 വയസ്സുവരെ സൗജന്യമായി ഉറപ്പാക്കാനും ഇതിനായി 30 കോടി രൂപ അനുവദിക്കാനും മുൻ സർക്കാർ തീരുമാനം എടുത്തിരുന്നുവെന്നും എന്നാൽ ഈ തുക വെട്ടിക്കുറയ്ക്കാനും ഫലപ്രാപ്തിയെക്കുറിച്ച് മുൻ അനുഭവം ഇല്ലാത്തതും വില കുറഞ്ഞതുമായ മരുന്ന് നൽകാനുമാണ് ഇപ്പോൾ നീക്കം നടത്തുന്നതെന്നുമാണ് ആ കത്തിൽ സൂചിപ്പിച്ചിരുന്നത്. പുതിയ ജനറിക് മരുന്നിനെക്കുറിച്ചായിരുന്ന അദ്ദേഹം

കത്തിൽ സൂചിപ്പിച്ചിരുന്നത്. ഫലപ്രാപ്തിയുണ്ടെന്ന് അംഗീകരിക്കപ്പെട്ട മരുന്നിന് പകരം അതായത് വിദേശ കമ്പനിയുടെ അഞ്ചുലക്ഷത്തിന്റെ മരുന്നിന് പകരം വില കുറഞ്ഞ മറ്റൊരു മരുന്ന് കുട്ടികളുടെ രോഗനിവാരണത്തിനും ആരോഗ്യത്തിനും അത്യന്തം ദോഷകരമാണ്. അതായത്, വിദേശ കമ്പനിയുടെ മരുന്ന് മാറ്റിയത് ദോഷകരമാണ്. ജനറിക് മരുന്ന് ദോഷകരമെന്നാണ് അദ്ദേഹത്തിന്റെ കത്തിൽ പറഞ്ഞിട്ടുള്ളത്. ആയതിനാൽ വില കുറഞ്ഞ മരുന്ന് നൽകുന്ന സാഹചര്യം ഒഴിവാക്കണമെന്നും മരുന്ന് സൗജന്യമായി നൽകുന്നതിന് അനുവദിച്ച തുക വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കണമെന്നും അഭ്യർഥിക്കുന്നുവെന്നതായിരുന്നു കത്തിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ ഇവർ ജനറിക്കിനെതിരാണോ? അവർ ജനറിക്കിനെതിരാണെന്നല്ലേ ഇതിന്റെയർഥം. പത്തുവർഷത്തെ നേട്ടങ്ങളെക്കുറിച്ച് അവർ പറഞ്ഞു. നേട്ടങ്ങളെക്കുറിച്ച് എനിക്കും കുറച്ച് പറയാനുണ്ട്. അതായത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്.എം.എ. ബാധിതർക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ റോഷ് (Roche) കമ്പനിക്ക് 50

കോടി രൂപ ഇനിയും നൽകാനുണ്ട്. എസ്.എം.എ. ബാധിതർക്കുള്ള ജനറിക് മരുന്ന് വിതരണം ചെയ്ത നാറ്റ്കോ (Natco) കമ്പനിയിൽനിന്ന് ഒന്നര കോടി രൂപയാണ് പാർട്ടി ഫണ്ടിലേക്ക് വാങ്ങിയത്. ശ്രീ. പ്രകാശ് കാരാട്ട് ഇലക്ഷൻ കമ്മീഷണർക്ക് നൽകിയ റിപ്പോർട്ടിൽ, 30 ലക്ഷം രൂപ വച്ച് ഒരു കോടി രൂപ ആദ്യം വാങ്ങി. രണ്ടാമത്, ശ്രീ. എം. എ. ബേബി നൽകിയ റിപ്പോർട്ടിൽ 50 ലക്ഷം രൂപ ഇതേ കമ്പനിയായ നാറ്റ്കോ കമ്പനിയിൽനിന്ന് പാർട്ടി സംഭാവന വാങ്ങി. ഇതൊക്കെ മറച്ചുവയ്ക്കേണ്ട കാര്യമുണ്ടോ? കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 900 കോടി രൂപയുടെ കടമുണ്ടാക്കി. കഴിഞ്ഞ പത്തുവർഷക്കാലത്തെ ഭരണ നേട്ടമാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് 2575 കോടി രൂപയുടെ കടം; കാരുണ്യ ഫാർമസിക്ക് 100 കോടി രൂപയുടെ കടം; മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സ്റ്റാഫും കുടുംബാംഗങ്ങളും പാർട്ടി സെക്രട്ടറിയും കോവിഡ് കാലത്ത് ഭക്ഷണം കഴിച്ചതിന്റെയും ജ്യൂസ് കുടിച്ചതിന്റെയും കടം നാലര ലക്ഷം രൂപ, ഇപ്പോഴും കൊടുത്തിട്ടില്ല. ഈ കടങ്ങളെല്ലാം ഞങ്ങൾ

വീട്ടിക്കൊള്ളാം. സെന്റ് ലൂക്ക് എന്ന കടലാസ് കമ്പനിയിൽനിന്ന് ഉൾപ്പെടെ 1500 കോടി രൂപയുടെ ലോ ക്വാളിറ്റി ഉപകരണങ്ങൾ കമ്മീഷൻ വാങ്ങി അനാവശ്യമായി വാങ്ങിക്കൂട്ടി ഉപയോഗമില്ലാതെ നശിപ്പിക്കേണ്ട സാഹചര്യമുണ്ടായി. ടോറസ് റെമഡീസ് പ്രൈവറ്റ് ലിമിറ്റഡ് (Taurus Remedies Private Limited) കമ്പനി ഉൾപ്പെടെയുള്ള കമ്പനികളിൽനിന്നും ഗുണമേന്മയില്ലാത്ത മരുന്നുകൾ വാങ്ങിക്കൂട്ടി. ടോറസ് കമ്പനി നിയന്ത്രിക്കുന്നത് ആരാണ്; ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്? ഈ കമ്പനിയോടുള്ള അടുപ്പത്തെക്കുറിച്ച് ഞാൻ മുമ്പ് സൂചിപ്പിച്ചിരുന്നു. അവ വീണ്ടും ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ഔഷധി ചെയർമാന്റെ വക, അതിന്റെ ചെലവ് വേറെ. ഞാൻ അത്തരം കാര്യങ്ങളെക്കുറിച്ച് വീണ്ടും ആവർത്തിക്കുന്നില്ല. ആഹാരം കഴിച്ചതിന് പണം കൊടുത്തില്ലെങ്കിൽ എന്ത്; 55 ലക്ഷം രൂപ ദേശാഭിമാനിക്കും കൈരളി ചാനലിനും നൽകി ആരോഗ്യം വർധിപ്പിച്ചിട്ടുണ്ട്. കണ്ണൂരിൽ ആർക്കും വേണ്ടാത്ത സ്ഥലം, ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയ്ക്കുവേണ്ടി 114 കോടി രൂപ മുടക്കി വാങ്ങി.

അവിടെ 125 കോടി രൂപയുടെ കെട്ടിടം ചോർന്നൊലിച്ച് ഉപയോഗശൂന്യമായി കിടക്കുകയാണ്. പാറപ്പുറത്ത് വിത്ത് മുളയ്ക്കുമോ; മാത്രമല്ല, ഈ പാറപ്പുറത്ത് കെട്ടിടം നിർമ്മിച്ചതിനുശേഷം മെയിന്റനൻസ് ഗ്രാന്റായി ഒരു കോടി രൂപ നൽകിയിരിക്കുകയാണ്. വാർഡ് ഒന്നിന് ഒരു കോടി എൺപത് ലക്ഷം രൂപ നിരക്കിൽ ചെലവഴിച്ച് 88 ഐസൊലേഷൻ വാർഡുകൾ കോവിഡ് കാലത്ത് നിർമ്മിച്ചു. ഒരു ഫാനുപോലും വയ്ക്കാതെ, കെട്ടിടങ്ങളെല്ലാം ചോർന്നൊലിക്കുകയാണ്. ഇതിനുപുറമെ എച്ച്.ഡി.എസ്. (Hospital Development Society)-ന്റെ കണക്ക് പരിശോധിച്ചപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഓഡിറ്റ് ചെയ്തപ്പോൾ 45 ലക്ഷം രൂപയാണ് വെട്ടിച്ചിട്ടുള്ളത്. ഇതാണ് ഇവരുടെ ഭരണനേട്ടമെന്ന് പറയുന്നത്. ഈ മരുന്ന് വാങ്ങിയ വകയിൽ സർക്കാരിനെ സംബന്ധിച്ച് വളരെ സുതാര്യമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. മാത്രമല്ല, ഈ തുക വച്ച്, ഇവിടെ 5 ലക്ഷത്തിനുപകരം 9000 രൂപയ്ക്ക്, അതിൽനിന്നും കുറച്ച് 8500 രൂപയിലേക്കുവരെ കുറച്ചുകൊണ്ടുവരാൻ സാധിക്കും. എസ്.എം.എ. ബാധിതരായ രോഗികൾക്കെല്ലാം സൗജന്യമായി മരുന്ന്

നൽകുകയെന്നതാണ് യു.ഡി.എഫ്. സർക്കാരിന്റെ ലക്ഷ്യം. അത്തരം കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് പിന്നീട് തീരുമാനം പ്രഖ്യാപിക്കുന്നതാണ്. അതിനുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ നടത്തുകയാണ്. എനിക്ക് നിലവാരമില്ല എന്നൊക്കെ മുമ്പ് എപ്പോഴോ എന്റെ മുൻഗാമിയായിരുന്ന മന്ത്രി പറയുകയുണ്ടായി. ഞാൻ അതിനെക്കുറിച്ചൊന്നും ഇപ്പോൾ പറയുന്നില്ല.

മി. സ്പീക്കർ: അത് സാരമില്ല. അദ്ദേഹം ഇപ്പോൾ സഭയിലില്ലല്ലോ?

ശ്രീ. കെ. മുരളീധരൻ: സർ, ഇങ്ങനെ ഓരോന്നിനെക്കുറിച്ചും പറയുമ്പോൾ, എന്റെ മക്കളുടെ ഭാര്യമാരെയൊന്നും എന്റെ പേഴ്സണൽ സ്റ്റാഫിലെ കുക്കായിട്ടൊന്നും ഞാൻ നിയമിച്ചിട്ടില്ല. മന്ത്രിയായിരുന്ന കാലഘട്ടത്തിൽ മരുമകളെ കുക്കായി നിയമിച്ചവരാണ് എന്റെ നിലവാരം അളക്കാൻ വരുന്നത്; ഇത് ആശയദാരിദ്ര്യമാണ്. പറഞ്ഞ കാര്യങ്ങൾ വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഫെബ്രുവരി മാസം ഉദ്ഘാടനം ചെയ്ത

കോട്ടയം മെഡിക്കൽ കോളേജിലെ സർജിക്കൽ വാർഡിന്റെ ഒരു ഭാഗം ഇന്ന് രാവിലെ അടർന്ന് വീണിട്ടുണ്ട് എന്നുള്ളതുകൂടി അറിയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട വിഷയാവതാരകൻ നോട്ടീസ് നൽകിയ രണ്ടുമൂന്ന് കാര്യങ്ങൾ രണ്ടുമൂന്ന് മിനിട്ടുകൊണ്ട് പറഞ്ഞവസാനിപ്പിച്ച് കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങൾ സംസാരിക്കാനാണ് ശ്രമിച്ചത്. കാരണം, അദ്ദേഹം ഉന്നയിച്ച ഒരു ആരോപണവും നിലനിൽക്കുന്നതല്ലെന്ന് അദ്ദേഹത്തിന് വ്യക്തമായി. ഒരു ആരോപണം അദ്ദേഹം വീണ്ടും ഉന്നയിച്ചു. ഉത്തർപ്രദേശ് സംസ്ഥാനത്തിന്റെ മുൻ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. ദീപക് സിംഗാൽ വിജിലൻസ് കേസിലെ പ്രതിയാണെന്നാണ് പറഞ്ഞത്. എന്റെ കൈയിൽ രേഖകളുണ്ട്. ഒരു വിജിലൻസ് കേസും അദ്ദേഹത്തിനെതിരെയില്ല. എല്ലാ കേസുകളിലും അദ്ദേഹത്തിന് 2019-ൽതന്നെ വിജിലൻസ് ക്ലിയറൻസ് നൽകിയിട്ടുണ്ട്. വിജിലൻസിന്റെ ആരോപണം വരുകയും വിജിലൻസ് അന്വേഷണം നടത്തുകയും ചെയ്യുന്ന എത്ര വ്യക്തികൾ നമ്മുടെ കൂട്ടത്തിലുണ്ട്. അവർക്ക് ഒരു കാര്യവും ചെയ്യാൻ പാടില്ലെന്ന് പറയാൻ സാധിക്കുമോ? അദ്ദേഹത്തിന്റെ

പേരിലുള്ള എല്ലാ കേസുകൾക്കും ക്ലിയറസ് ലഭിക്കുകയും റിട്ടയർമെന്റിനുശേഷവും പല പ്രധാന പദവികളിൽ സേവനം അനുഷ്ഠിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. ഈ മേഖലയിൽ വലിയ സംഭാവനകൾ നൽകാൻ കഴിയുന്ന അദ്ദേഹത്തിന്റെ അനുഭവ സമ്പത്ത് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ കൂടിയാണ് ടാസ്ക് ഫോഴ്സിൽ ഉൾപ്പെടുത്തിയത്. എന്നാൽ അംഗങ്ങളുടെ വിവരങ്ങൾ മാധ്യമങ്ങളിൽ വന്നപ്പോൾ, ടാസ്ക് ഫോഴ്സിൽ ആരെല്ലാമാണ് ഉൾപ്പെട്ടിരിക്കുന്നതെന്നുപോലും നോക്കാതെയാണ് ഇടതുപക്ഷം ആരോപണങ്ങൾ ഉന്നയിച്ചത്. ഈ രാജ്യത്ത് ഏറെ അറിയപ്പെടുന്ന പ്രശസ്തരായ മലയാളികൾ ഉൾപ്പെടെയുള്ള പ്രമുഖരെയാണ് ഈ ടാസ്ക് ഫോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നത് അവർ സൗകര്യപൂർവം മറച്ചുപിടിക്കുകയാണ്. കെ.പി.സി.സി.-ൽ ചോദിച്ചിട്ടാണോ പേര് എഴുതിയതെന്നാണ് ബഹുമാനപ്പെട്ട അവതാരകൻ ചോദിച്ചത്. ഞങ്ങൾ ഇതുപോലുള്ള ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ എ.കെ.ജി. സെന്ററിൽ ഫയലുമായി പോകുന്ന പാർട്ടിയല്ല. കെ.പി.സി.സി. അല്ല ടാസ്ക് ഫോഴ്സിലെ അംഗങ്ങളെ നിർദേശിക്കുന്നത്. ഞങ്ങൾ നിർദേശിക്കുന്ന ആളുകളുടെ

പശ്ചാത്തലവും അറിവും പരിശോധിച്ചാണ് അംഗങ്ങളെ നിയോഗിച്ചിരിക്കുന്നത്. ലോകത്തെ ആരോഗ്യരംഗം മാറുകയാണ്. കേരളത്തിൽ ആരോഗ്യരംഗം അപകടകരമായ നിലയിലേക്കാണ് പോകുന്നത്. വലിയ ബ്ലാക് സോൺ പോലെയുള്ള കമ്പനികൾ ടേക്ക് ഓവർ ചെയ്യുകയാണ്. ആശുപത്രി മാത്രമല്ല ടേക്ക് ഓവർ ചെയ്യുന്നത്. ഡയഗ്നോസിസ് അതായത് പാത്തോളജിയും റേഡിയോളജിയും ഒക്കെ ടേക്ക് അപ്പ് ചെയ്യുകയാണ്. ഫാർമസ്യൂട്ടിക്കൽസ് ടേക്ക് ഓവർ ചെയ്യുകയാണ്. അവർ വിദേശ രാജ്യങ്ങളിൽ നിന്നുകൊണ്ടാണ് ഇവിടത്തെ ചികിത്സാ ചെലവ് നിശ്ചയിക്കുന്നത്. ഞാൻ ഒരു ഉദാഹരണം പറയാം, കേരളത്തിലെ പ്രധാനപ്പെട്ട ഒരു ആശുപത്രിയിൽ ഈ ടേക്ക് ഓവറിന് മുമ്പ് ഒരാൾ ചികിത്സയ്ക്കായി ഒൻപത് ദിവസം ആശുപത്രിയിൽ കിടന്നു. ഒന്നേകാൽ ലക്ഷം രൂപയുടെ ബില്ലാണ് അദ്ദേഹത്തിന് ലഭിച്ചത്. ടേക്ക് ഓവറിനുശേഷം വീണ്ടും ഏഴ് ദിവസം അദ്ദേഹത്തിന് ആശുപത്രിയിൽ കിടക്കേണ്ടിവന്നു. അതേ രോഗം, അതേ ചികിത്സ, അതേ മരുന്ന്, അതേ മുറി. നേരത്തെ ഒന്നേകാൽ ലക്ഷം രൂപ ഒൻപത് ദിവസത്തിന് ചാർജ് ചെയ്ത ഈ

ആശുപത്രി ടേക്ക് ഓവറിനുശേഷം മൂന്നര ലക്ഷം രൂപയാണ് ചാർജ് ചെയ്തത്. കേരളത്തിലെ ചികിത്സാ ചെലവ് സ്വകാര്യ മേഖലയിൽ വലിയ തോതിൽ വർധിക്കുകയാണ്. സർക്കാർ മേഖല കൂടുതൽ ശക്തിപ്പെടുത്തിയില്ലെങ്കിൽ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കൂടുതൽ ചികിത്സ നിഷേധിക്കപ്പെടുന്ന സ്ഥിതിയുണ്ടാകും. ഒരു മാസം 100 എം.ആർ.ഐ. എടുക്കണമെന്നാണ് ഡോക്ടർമാരെ നിയമിക്കുമ്പോൾതന്നെ പറയുന്നത്. എം.ആർ.ഐ.-യുടെ ആവശ്യമില്ലാത്തവർക്കും എം.ആർ.ഐ. എടുക്കുകയാണ്. 150 സി. ടി. സ്കാൻ, ഇത്ര പേരെ വെന്റിലേറ്ററിലേക്ക് അയയ്ക്കണം എന്നൊക്കെയാണ് പറയുന്നത്. ഇവിടെ പാവപ്പെട്ട ആളുകൾ ചൂഷണം ചെയ്യപ്പെടുകയാണ്. അതിനെതിരായിട്ടുള്ള ശക്തമായ പോരാട്ടം ഈ സർക്കാർ നടത്തുകതന്നെ ചെയ്യും. ഇത് ക്രൂരതയാണ്; അതിന്റെ ഭാഗമാണ് ഫാർമസ്യൂട്ടിക്കൽ കമ്പനികൾ. ഇന്ത്യയാണ് ഏറ്റവും വലിയ മെഡിസിൻ മാർക്കറ്റ്. വലിയ കമ്പനികൾ അപൂർവ രോഗങ്ങൾക്കുള്ള പേറ്റന്റുണ്ട് എന്നുപറഞ്ഞുകൊണ്ട് ആ മരുന്ന് ഇവിടെ വിൽക്കുകയാണ്. അവർക്ക് തോന്നിയ വിലയ്ക്കാണ് മരുന്നുകൾ വിൽക്കുന്നത്. ഇതിനുമുമ്പ്

ക്യാൻസർ രോഗത്തിനുള്ള നെക്സാവർ എന്ന മരുന്ന് ലക്ഷങ്ങൾക്കാണ് ഇവിടെ വിറ്റിരുന്നത്. അത് ഇന്ത്യയിലെ ഒരു കമ്പനിക്ക് ജനറിക് മെഡിസിൻ ഉണ്ടാക്കാൻവേണ്ടി കൊടുത്തപ്പോൾ ലക്ഷക്കണക്കിന് രൂപയുണ്ടായിരുന്ന ആ മരുന്നിന്റെ വില 5,000 രൂപയായി കുറഞ്ഞു. അപ്പോൾ ഈ മരുന്നും അതുപോലെ, ഞാൻ അതിലേക്ക് വരാം. അപ്പോൾ എല്ലാ രംഗവും സ്വകാര്യ മേഖലയിൽ... യൂറോപ്പിലെ ബോർഡ് റൂമിൽ ഇരുന്നിട്ടാണ് ഇവിടുത്തെ ബിൽ തീരുമാനിക്കുന്നത്, ഇവിടുത്തെ പൈസ തീരുമാനിക്കുന്നത്. ഒരു കമ്പനി 2,500 കോടി രൂപയ്ക്ക് ഒരു ആശുപത്രി ഏറ്റെടുക്കുകയാണ്. ഒരു കൊല്ലം കഴിയുമ്പോൾ അത് 3,500 കോടി രൂപയ്ക്ക് വിൽക്കുകയാണ്. അടുത്ത വർഷമാകുമ്പോൾ 5,000 കോടിയാണ് അതിന്റെ വില. ഈ തുക മുഴുവൻ ആരുടെ തലയിലേക്കാണ് വരുന്നത്? രോഗികളായ ആളുകളുടെ തലയിലേക്കാണ് വരുന്നത്. ഞാൻ അടുത്തിടെ ഹെൽത്ത് എക്സ്പേർട്ടും മലയാളിയുമായ അമീർ ഷാഹുൽ എഴുതിയ " The Silent Syndicate" എന്ന മനോഹരമായ ഒരു ഇംഗ്ലീഷ് പുസ്തകം വായിക്കാനിടയായി. സ്വകാര്യ ശുശ്രൂഷ രംഗത്ത് നടക്കുന്ന,

ആശുപത്രികളിൽ നടക്കുന്ന കൊള്ളയെപ്പറ്റിയുള്ള ഞെട്ടിക്കുന്ന വിവരങ്ങൾ The Silent Syndicate-ൽ സൂചിപ്പിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുമ്പോൾ, നമ്മുടെ കേരളത്തിൽ ആ silent syndicate-നെ മാറ്റി നിർത്താനുള്ള പ്രവർത്തനങ്ങൾക്കാണ് യു.ഡി.എഫ്. സർക്കാർ നേതൃത്വം കൊടുക്കുന്നത്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. അതുകൊണ്ട് കേരളത്തെ ഹെൽത്ത് ഡെസ്റ്റിനേഷനായി മാറ്റും. ഇവിടെ വെൽനെസ് സെന്ററുകളും റീഹാബ് സെന്ററുകളും വരും. ഞാൻ ആരോഗ്യമന്ത്രിയോട് പറഞ്ഞല്ലോ, സാധാരണക്കാരെ ചികിത്സിക്കുന്ന ആശുപത്രികളിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യാനുള്ള ധനസംബന്ധമായ പ്രശ്നങ്ങൾ ഈ ഗവൺമെന്റിനുണ്ട്. പക്ഷേ ആരോഗ്യരംഗത്ത് ഞങ്ങൾ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യും. മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഡോക്ടർമാരെയും നേഴ്സുമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും കൊടുക്കാൻ എന്ത് ധനപ്രതിസന്ധിയുണ്ടെങ്കിലും കൊടുക്കും. കാരണം പാവപ്പെട്ടവന്റെ അഭയകേന്ദ്രമാണ് ആശുപത്രികൾ. അവിടെ സ്റ്റാഫ് പാറ്റേണിൽ വ്യത്യാസം വരുത്തും. ഈ പരിമിതിയിൽനിന്നുകൊണ്ടും സഹായിക്കാൻ പറ്റുന്നയത്ര

ആരോഗ്യ രംഗത്തെ സഹായിക്കും. മറ്റൊന്ന്, ആരോഗ്യ മന്ത്രി അറിഞ്ഞില്ല, പതിനൊന്നാമത്തെ ആളാണ് എന്നൊക്കെ ഇവിടെ പറയുകയുണ്ടായി. ഞാനും ആരോഗ്യമന്ത്രിയുംകൂടി ഒരുമിച്ചിരുന്നാണ് ഈ മീറ്റിങ് നടത്തിയതെന്ന് അവിടെനിന്നും ഫയൽ അയച്ചുതന്ന ആളുകളോട് പറഞ്ഞേക്കൂ. പതിനൊന്നാമതാണ് ഒപ്പിട്ടത്, ചില ഫയലുകളിൽ മുഖ്യമന്ത്രി ഒപ്പിടുന്നത് ഇരുപത്തിയഞ്ചാമത് ആയിരിക്കും. മിക്കവാറും ഏറ്റവും അവസാനം ആയിരിക്കും മുഖ്യമന്ത്രി ഒപ്പിടുന്നത്. പിന്നീട് മുഖ്യമന്ത്രി അറിഞ്ഞത് അവസാനം എന്നുപറഞ്ഞുകൊണ്ട് വാർത്തയുണ്ടാകും. പത്ത് കൊല്ലം മുഖ്യമന്ത്രിയായിരുന്ന അദ്ദേഹം അവിടെ ഇരിക്കുന്നുണ്ട്. മുഖ്യമന്ത്രിയാണോ ആദ്യം ഫയലിൽ ഒപ്പിടുന്നത്. ആരോഗ്യരംഗത്തെ ഒരു ഫയലിൽ ആദ്യം ഒപ്പിടുന്നത് ആരോഗ്യമന്ത്രിയാണ്. അതൊക്കെയൊന്ന് അറിഞ്ഞിട്ടുവേണ്ടേ അങ്ങയെപോലെയൊരു അംഗം സഭയിൽവന്ന് പതിനൊന്നാമതാണ് ഒപ്പിട്ടതെന്ന രീതിയിലൊക്കെ പറയേണ്ടത്. ഞാൻ ഇന്ന് രാവിലെ ഒപ്പിട്ട ഒരു ഫയലിൽ ഇരുപത്തിനാലാമത്തെ പേരാണ് എന്റേത്. ഫയലുകൾ എല്ലാ സീറ്റുകളിലും പോയി തിരികെ വരുമ്പോൾ,

അവസാനം മന്ത്രിയും സെക്രട്ടറിയുമൊക്കെ കണ്ട് വരുമ്പോൾ അങ്ങനെ ഉണ്ടാകാറുണ്ട്. ഫയലിന്റെ മൂവ്മെന്റിന്റെ വ്യത്യാസം മനസ്സിലാക്കണം. ഞാൻ ചുരുക്കിപ്പറയാം. നമ്മുടെ ചികിത്സാചെലവ് കുറയ്ക്കണം. ഈ ടാസ്ക് ഫോഴ്സിന്റെ ടാർജറ്റാണ്. എങ്ങനെ കുറയ്ക്കാൻ കഴിയും. രണ്ടാമത്, early detection-നും prevention-നും വേണ്ടിയുള്ള വലിയ സ്റ്റെപ്പ് തുടങ്ങിയിട്ടില്ല. കാൻസർ അടക്കമുള്ള രോഗങ്ങൾ, ഡയബറ്റിസിന് കാരണമാകുന്നതും കരൾ രോഗമാണെന്നാണ് പുതിയ കണ്ടുപിടുത്തം. ആ കരൾ രോഗം വരുന്നതിന്റെ ഏറ്റവും ലേറ്റസ്റ്റ് സ്റ്റേജിലാണ് നമ്മൾ അറിയുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ പത്ത് വയസ്സുമുതൽ ശ്രദ്ധിച്ചാൽ 25 വയസ്സാകുമ്പോഴേക്കും അത്തരം ഒരു രോഗങ്ങളുമില്ലാതെ ഒരാളെ മാറ്റാൻ കഴിയും. അപ്പോൾ ചികിത്സയ്ക്ക് പോകേണ്ട ആവശ്യമില്ല. അത്തരത്തിലൊക്കെ ലോകരാജ്യങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. നമ്മൾ പഴയ യൂറോപ്യൻ മോഡലാണ്; കേരള മോഡൽ എന്നൊക്കെപ്പറഞ്ഞ് അഭിമാനിച്ചുകൊണ്ടിരിക്കുകയാണ്. ലോകം മുഴുവൻ ആരോഗ്യരംഗത്ത് വരുന്ന അത്ഭുതകരമായ മാറ്റങ്ങളുണ്ട്. ആ മാറ്റങ്ങൾ ഈ സർക്കാർ

കേരളത്തിലേയ്ക്കും കൊണ്ടുവരും. അതിന്റെ ലക്ഷ്യമായിട്ടാണ് ഇക്കാര്യങ്ങൾ ചെയ്തിരിക്കുന്നത്.

വെൽനെസ്സിനെകുറിച്ച് ഞാൻ പറഞ്ഞു. അതുപോലെ കൃത്യമായ ട്രീറ്റ്മെന്റും റീഹാബിലിറ്റേഷനും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, ഗവൺമെന്റ് സെക്ടറിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇതെല്ലാമാണ് ചെയ്യുന്നത്. ചികിത്സാ ചെലവ് കുറയ്ക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. രണ്ടാമത്തേത് പ്രിവൻഷനും early detection-ഉം ആണ്. ആ ലക്ഷ്യത്തിനാണ് ചെയ്യുന്നത്. എസ്.എം.എ. മരുന്നിനെപ്പറ്റി പറഞ്ഞു, ഒറ്റ കമ്പനിയെ ടെൻഡറിൽ പങ്കെടുത്തുള്ളൂ. ബഹുമാനപ്പെട്ട അംഗം, ഇത് പി.ഡബ്ല്യൂ.ഡി. റോഡിന്റെയോ പാലത്തിന്റെയോ പണിയല്ല. ഈ കമ്പനി മാത്രമാണ് ഈ ജെനറിക് മെഡിസിൻ ഉണ്ടാക്കുന്നത്. അപ്പോൾ ടെൻഡറിൽ പങ്കെടുക്കാൻ എത്ര കമ്പനികൾ വരും? ടെൻഡറിൽ പങ്കെടുക്കൽ ഒരു പ്രൊസീജിയർ ആണ്. ഇവിടെ സുപ്രീം കോടതി അനുമതി നൽകി; ഹൈക്കോടതി അനുമതി നൽകി. ആരുടെ പെറ്റീഷനാണ് സുപ്രീം കോടതി തള്ളിയത്? റോഷ് കമ്പനിയുടെ. ആറര

ലക്ഷം രൂപയ്ക്ക് മരുന്ന് വിറ്റിരുന്ന അന്താരാഷ്ട്ര മരുന്ന് കമ്പനിയുടെ ഇതിനെതിരായിട്ടുള്ള ജനറിക് മരുന്ന് ഉല്പാദിപ്പിക്കാനുള്ള തീരുമാനത്തിന് എതിരായി അവർ സുപ്രീം കോടതിയിൽ കൊടുത്തിരിക്കുന്ന കേസാണ് തള്ളിയത്. എന്നിട്ട് ആ റോഷ് കമ്പനിക്കുവേണ്ടി ഇവിടെ വന്ന് വാദിക്കുകയാണ്. കഴുത്തുറയ്ക്കാത്ത പാവപ്പെട്ട കുഞ്ഞുങ്ങൾക്കുവേണ്ടി, ആറര ലക്ഷം രൂപയുടെ മരുന്ന് വിറ്റിരുന്ന റോഷ് കമ്പനിക്കുവേണ്ടി നിങ്ങൾ വാദിക്കരുത്. ജെനറിക് മെഡിസിനാണ് ആ കമ്പനി ഇവിടെ ഉല്പാദിപ്പിക്കുന്നത്. ഇവിടെ കത്തിനെക്കുറിച്ച് പറഞ്ഞു. ടയൽ എന്നെഴുതിയ മരുന്നാണ് കൊടുത്തിരിക്കുന്നത് എന്നായിരുന്നു ഒരു പരാതി. അത് നിങ്ങൾ അറിയണം. അത് ഡോക്ടർമാർക്ക് സാമ്പിൾ കൊടുക്കും. മൂന്ന് എണ്ണം കൊടുത്തുകഴിഞ്ഞാൽ ഒരെണ്ണം ഡോക്ടർമാർക്ക് സാമ്പിൾ കൊടുക്കും. ഡോക്ടേഴ്സ് ടയൽ എന്നാണ് എഴുതിയിരിക്കുന്നത്. ഈ പ്രൊസീജിയർ എല്ലാം നേരത്തേ പൂർത്തിയാക്കിയതിനുശേഷം ഡ്രഗ് പ്രോട്ടോക്കോൾ ഉണ്ട്; അതിനുള്ള ഏജൻസി ഉണ്ട്; എല്ലാ പ്രോട്ടോക്കോളും കഴിഞ്ഞ് അംഗീകരിച്ചതിനുശേഷമാണ് ഈ മരുന്ന്

വിതരണം നടത്താൻ അനുമതി ലഭിക്കുന്നത്. ഡ്രഗ് അനുമതി കൊടുക്കുമ്പോൾ ഒരു പ്രോട്ടോക്കോളുണ്ട്. ആ പ്രോട്ടോക്കോൾ കഴിഞ്ഞിട്ടാണ് ഇന്ത്യാ ഗവൺമെന്റിന്റെ ഏജൻസി അനുമതി കൊടുക്കുന്നത്. അതിനുശേഷമാണ് അവർ വിതരണം നടത്തുന്നത്. ഇന്ത്യയിൽ എത്രയോ സ്ഥലത്ത് ഈ മരുന്ന് അവർ വിതരണം നടത്തുന്നുണ്ട്. ഇവിടെയൊരു ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ഇത് മുഴുവൻ നടക്കുന്നത്. ഞങ്ങൾ അധികാരത്തിൽവരുന്നതിന് മുമ്പ് 2026 ഏപ്രിൽ 6-ന് അന്നത്തെ എൻ.എച്ച്.എം. ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് കത്ത് നൽകി. നാറ്റ്കോ കമ്പനിയുടെ മരുന്നിന് നിലവിൽ വാങ്ങുന്ന റോഷിന്റെ പത്തിലൊന്ന് വില മാത്രമേയുള്ളുവെന്നും അതിനാൽ നാറ്റ്കോയുടെ മരുന്ന് വാങ്ങുന്നത് സംബന്ധിച്ച അടിയന്തര തീരുമാനമെടുക്കണമെന്നും ഇതിൽ പറയുന്നു. ഇത് ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് 2026 ഏപ്രിൽ 6-നാണ് കൊടുക്കുന്നത്. 2026 മേയ് 23-ന് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറി തിരിച്ച് എൻ.എച്ച്.എം. ഡയറക്ടർക്ക് കത്ത് അയയ്ക്കുന്നു. പുതിയ ജെനറിക് മരുന്നിന് ഡ്രഗ്സ് കൺട്രോളറുടെ അനുമതിയുണ്ടോ? പുതിയ മരുന്നിനെ സംബന്ധിച്ച വിവരങ്ങൾ. അന്നേ ദിവസംതന്നെ എൻ.എച്ച്.എം. മിഷൻ ഡയറക്ടർക്കുവേണ്ടി സാങ്കേതിക സമിതിയിലെ അംഗം കൂടിയായ നോഡൽ ഓഫീസർ ആരോഗ്യ അഡീഷണൽ സെക്രട്ടറിയ്ക്ക് മറുപടി നൽകി. ആരാണ് നോഡൽ ഓഫീസർ എന്ന് നിങ്ങൾക്കറിയാമല്ലോ. ഞങ്ങൾ 2026 മേയ് 18-ാം തീയതിയാണ് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വരുന്നത്. മേയ് 8-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ നാറ്റ്കോയുടെ റിസ്ഡിപ്ലാം മരുന്നിനെക്കുറിച്ച് വിശദമായ ചർച്ച നടക്കുകയും ഇത് പ്രകാരമുള്ള കമ്മിറ്റിയുടെ പത്ത് തീരുമാനങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുകയും ചെയ്തു. ആ ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനം എന്താണെന്നറിയുമോ. നാറ്റ്കോ ഫാർമ നിർമ്മിക്കുന്ന റിസ്ഡിപ്ലാമിന്റെ ജെനറിക് പതിപ്പിന് ഇന്ത്യയിലുപയോഗിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ

ഓർഗനൈസേഷൻ (സി.ഡി.എസ്.സി.ഒ.) അംഗീകാരം നൽകിയിട്ടുണ്ട്. ഡ്രഗ് പ്രോട്ടോക്കോൾ കഴിഞ്ഞ് അംഗീകാരം കൊടുക്കേണ്ട കോംപീറ്റന്റ് അതോറിറ്റി സി.ഡി.എസ്.സി.ഒ. ആണ്, അംഗീകാരം കൊടുത്തിട്ടുണ്ട്. നിങ്ങളുടെ ഗവൺമെന്റാണ് പറഞ്ഞത്. ജെനറിക് മരുന്നായതിനാൽ പുതിയ മരുന്നുകൾക്ക് ബാധകമായ അതേ നിയന്ത്രണ വ്യവസ്ഥകളല്ല ഇതിന് ബാധകമാക്കേണ്ടത്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ എസ്.എം.എ. ബാധിച്ച കുട്ടികൾക്കുള്ള സമാനമായ സംസ്ഥാനതല ചികിത്സാ പദ്ധതികൾ നിലവിലില്ല. അതിനാൽ നമുക്ക് ഈ മരുന്ന് ഉപയോഗിക്കണം. നാറ്റ്കോയുടെ റെസ്ഡിപ്ലാം മരുന്ന് ലക്നൗവിലെ സഞ്ജയ് ഗാന്ധി പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഉൾപ്പെടെ ഇന്ത്യയിലെ മറ്റ് ചികിത്സാ കേന്ദ്രങ്ങളിലും ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആണ് ലക്നൗവിലെ സഞ്ജയ് ഗാന്ധി പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്. മേയ് 8-ന് കൊടുത്ത റിപ്പോർട്ടാണത്. മേയ് 5, 6 തീയതികളിൽ ന്യൂഡൽഹിയിൽ ചേർന്ന ദേശീയ അപൂർവ രോഗ

ശില്പശാലയിൽ ഈ മരുന്നിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അംഗീകരിച്ചിട്ടുണ്ട്. അപൂർവ രോഗങ്ങളുടെ കാര്യത്തിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയാണ് അന്തിമം. അതനുസരിച്ചുള്ള എല്ലാ തീരുമാനങ്ങളും ഇവർ എടുത്തിട്ടുണ്ട്. ജനറിക് മരുന്നിന് അംഗീകാരം കിട്ടിയതിനുശേഷം സാങ്കേതിക സമിതിയെ നിയോഗിച്ച് പഠിച്ചശേഷമാണ് 2025 ഒക്ടോബർ 17-ന് സുപ്രീം കോടതിയും 2025 മാർച്ച് 25-ന് ഡൽഹി ഹൈക്കോടതിയും നാറ്റ്കോയുടെ റിസ്ഡിപ്ലാം മരുന്നിന് അനുമതി നൽകിയത്. 2013-ൽ അന്തരിച്ച പി. എച്ച്. കുര്യൻ പേറ്റന്റ് കൺട്രോളർ ആയിരുന്ന കാലത്താണ് നെക്സാവർ-സൊറാഫെനിബ് മരുന്ന് നിർബന്ധിത ലൈസൻസോടുകൂടി ഇവിടെ നിർമ്മിക്കാൻ അനുവാദം കൊടുത്തത്. 2,80,428/- രൂപയ്ക്ക് വിറ്റിരുന്ന ഈ മരുന്നിന്റെ ജെനറിക് പതിപ്പിന് ഇപ്പോൾ 8,800/- രൂപ മാത്രമാണുള്ളത്. ഇത് വലിയ കോർപ്പറേറ്റ് ശൃംഖലകൾ ഇവിടെകൊണ്ടുവന്ന് പേറ്റന്റ് നിയമത്തിന്റെ മറവിൽ പാവപ്പെട്ട രോഗികളെയും അവരുടെ വീട്ടുകാരെയും കൊള്ള ചെയ്യുന്നതിനെതിരായിട്ടുള്ള ഒരു വലിയ നടപടിയായാണ്

ഗവൺമെന്റ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കത്ത് നൽകിയ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. മരുന്ന് സപ്ലൈ ചെയ്യുവെന്ന് പറയുന്ന ഡോക്ടേഴ്സ് സാമ്പിളുകൾ, മൂന്ന് മരുന്നുകൾ കൊടുത്തു കഴിയുമ്പോൾ ഒരു മരുന്ന് ഡോക്ടേഴ്സ് സാമ്പിളായി നൽകും. ആ സാമ്പിൾ നൽകുന്നത് ഒക്ടോബർ 19-ാം തീയതിയും എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കത്ത് നൽകിയത് ഒക്ടോബർ 12-ാം തീയതിയുമാണ്. മരുന്നുകൊടുത്തതല്ല നിങ്ങളുടെ പ്രശ്നം, റോഷിന്റെ മരുന്ന മാറ്റി ജനറിക് മരുന്ന് നൽകിയതാണ് പ്രശ്നം. അപ്പോൾ നിങ്ങളാണോ കോർപ്പറേറ്റുകൾക്കുവേണ്ടി നിലകൊള്ളുന്നത്; ഞങ്ങളാണോ പാവപ്പെട്ട രോഗികൾക്കുവേണ്ടി നിലകൊള്ളുന്നത്; ഈ ചോദ്യം കേരളം ചർച്ച ചെയ്യും. ഞങ്ങൾ ഒരുപാട് മാറ്റങ്ങളുണ്ടാക്കും, ഒരു സംശയവും വേണ്ട. മാറ്റത്തിനെക്കുറിച്ച് പറയുമ്പോൾ, കോർപ്പറേറ്റ്, മുതലാളിത്തം തുടങ്ങിയ ക്ലീഷേ പ്രയോഗങ്ങൾ നടത്തി ഞങ്ങളെ ആരും ഭയപ്പെടുത്താൻ വരണ്ട. ഞങ്ങൾ ഞങ്ങളുടെ ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ നാടിനെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയാണ് മാറ്റങ്ങളുമായി മുന്നോട്ട് പോകുന്നത്.

നിങ്ങൾ ഭരിച്ച അതേ ഭരണരീതി തുടരുമെന്നല്ല, അതിന് മാറ്റമുണ്ടാകുമെന്നാണ് കേരളത്തിലെ ജനങ്ങളോട് ഞങ്ങൾ വാഗ്ദാനം നൽകിയത്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഉൾപ്പെടെ ജനങ്ങൾക്ക് വേണ്ടിയുള്ള മാറ്റങ്ങൾ ഉണ്ടാക്കാൻ ദൃഢപ്രതിജ്ഞയുമായാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. അതുകൊണ്ട് കൃത്യമായി ബോധ്യമുള്ള കാര്യമാണ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചതും അതുപോലെ പാവപ്പെട്ടവന് ആറര ലക്ഷം രൂപയുടെ മരുന്ന് പതിനയ്യായിരം രൂപയ്ക്ക് കൊടുക്കാൻ എടുക്കുന്ന തീരുമാനവും. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ തീരുമാനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി അവസാനം പറഞ്ഞതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ മാറ്റുന്നുവെന്ന് പറയുന്നത് കേരളത്തെ പുറകോട്ട് നയിക്കുകയാണ്. അതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനാണോ നിങ്ങൾ ജനവിധി വാങ്ങിയതെന്ന് ആലോചിക്കുന്നത് നല്ലതാണ്. ആ കാര്യങ്ങളെക്കുറിച്ച് ഞാൻ പിന്നീട് പറയാം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചില ആക്ഷേപങ്ങൾ ഉന്നയിക്കുന്നതായി കേട്ടു. ഇലക്ടറൽ ബോണ്ട് വഴി നാറ്റ്കോ ഫാർമ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് നൽകിയ തുക എത്രയാണ്? അത് അദ്ദേഹം മനസ്സിലാക്കാതെയാണ് ഇരിക്കുന്നത്. (ബഹളം..)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, അതാണ് പറഞ്ഞത്, ആനയും അണ്ണാനും തമ്മിലുള്ള വ്യത്യാസമാണത്. പന്ത്രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിന് നൽകിയത്.

ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി കണ്ണൂരിൽ ഭൂമിയെടുത്തത് ആർക്കും വേണ്ടാത്ത ഭൂമിയാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരനോട് പറയുന്നത്, ആ ഭൂമി ഈ ഉദ്ദേശിക്കുന്ന ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന് പറ്റിയതാണോയെന്ന് അവിടെ ചെന്ന് നോക്കണം. അത് മനസ്സിലാക്കാൻ ശ്രമിക്കുക. ഒരു ആക്ഷേപം ഉന്നയിച്ച് വീരത്തം നേടാൻ ശ്രമിച്ചതുകൊണ്ട് കാര്യമില്ല. ഭരണ നടപടികളിലൂടെയാണ് കാര്യങ്ങൾ നീക്കേണ്ടത്. ഇവിടെ ഗവൺമെന്റ് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയാണ് ആ ഭൂമിയെടുത്തത്. അതിന്റെ മറ്റ പൂർത്തീകരണങ്ങൾ ഇനിയും വരേണ്ടതായിട്ടുള്ളതാണ്. ആ കാര്യം ഇപ്പോൾ നിർവഹിക്കേണ്ടത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയാണ്. അതിനാവശ്യമായ നടപടികളാണ് സ്വീകരിക്കേണ്ടത്. ഒരു ഗവൺമെന്റിന്റെ പ്രവർത്തനത്തിനിടയ്ക്ക് മരുന്ന് വാങ്ങിയതുപോലുള്ള കാര്യങ്ങൾക്ക് കടമയായി നിൽക്കുന്നത് എന്തോ ഭയങ്കര പാതകമാണെന്ന് പറയുന്നത് കേട്ടു. അതെങ്ങനെയാണ് പാതകമാകുക; നിങ്ങൾ ഇപ്പോൾ കടം

വാങ്ങുന്നില്ലേ; എല്ലാം കാശ് കൊടുത്തുകൊണ്ടാണോ; അത് ഗവൺമെന്റിന്റെ ബാധ്യതയല്ലേ; സ്വാഭാവികമായും കൊടുത്ത് തീർക്കേണ്ടതല്ലേ; തന്റെ നാക്കിന് എന്തും പറയുവാനുള്ള ശേഷിയുണ്ടെന്ന ധാരണയിൽ സഭാ വേദിയിൽ ഇതുപോലുള്ള കാര്യങ്ങൾ പറയുന്നത് ശരിയല്ല. അങ്ങ് ഉത്തരവാദപ്പെട്ട മന്ത്രിയായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അത് ഓർക്കുന്നത് നല്ലതാണ്. ഇവിടെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ അവതാരകൻ ഉന്നയിച്ചത് വളരെ ഗൗരവകരമായ വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ ആരോഗ്യരംഗത്തിന് വരേണ്ട മാറ്റത്തെക്കുറിച്ച് പറയുകയുണ്ടായി. ആരോഗ്യരംഗത്ത് പുരോഗതിയുണ്ടാകുന്നത് എല്ലാവരും സ്വാഗതം ചെയ്യുന്ന കാര്യമാണ്. പക്ഷെ ആരോഗ്യരംഗത്തെ പുറകോട്ട് നയിക്കാൻ പാടില്ല. അദ്ദേഹം പറഞ്ഞ കോർപ്പറേറ്റ് ആശുപത്രികൾ, ഇൻഷ്വറൻസ് പദ്ധതികൾ എന്നിവയെല്ലാം തമ്മിലുള്ള ഒരു പാലം നമ്മുടെ രാജ്യത്തുണ്ട്. ജി.റ്റി.റ്റി.സി.ഐ. ഹെൽത്ത് കെയർ വെഞ്ചേഴ്സിനെ പോലുള്ളവർ ഇതിന്റെ പാലമായാണ് പ്രവർത്തിക്കുന്നത്. അതിന്റെ തലപ്പത്തുള്ളവർ നേതൃത്വം കൊടുക്കുന്ന കമ്മിറ്റി

അവർ കേരളത്തിന്റെ പൊതുജനാരോഗ്യ നയം തയ്യാറാക്കാൻ പുറപ്പെട്ടാൽ ആ നയം എങ്ങനെയായിരിക്കും; സ്വാഭാവികമായും അതിൽ ആശങ്കയുണ്ടാകില്ലേ; നാം കാണേണ്ടത് ആരോഗ്യമേഖലയെ ഒരു കറവ പശുവായി കാണുന്ന കുട്ടരാണ് കോർപ്പറേറ്റ് മുതലാളിത്തം. അതിനോട് മുഖ്യമന്ത്രിയും യോജിക്കുന്നുണ്ട്. ശ്രദ്ധിക്കേണ്ട കാര്യം, കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ പുതിയ മുഖമാണ് ജി.റ്റി.റ്റി.സി.ഐ. ഹെൽത്ത് കെയർ വെഞ്ചേഴ്സ് പോലെയുള്ള സംവിധാനങ്ങൾ. മനുഷ്യന്റെ ജീവൻ, ആരോഗ്യം ഇതെല്ലാം ലാഭം കൊയ്യാനുള്ള ചരക്കായിട്ടാണ് കാണുന്നത്. മുഖ്യമന്ത്രി തന്നെ ഇതിനുള്ള ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. അദ്ദേഹം പറഞ്ഞതിനേക്കാൾ കൂടുതലാണ് ലാഭത്തിന്റെ തോത് എന്നതാണ് വസ്തുത. പറഞ്ഞതിനേക്കാളും, ഒരു ലക്ഷം അല്ല മൂന്ന് ലക്ഷം രൂപയേക്കാൾ കൂടുതൽ ഉണ്ടാക്കുന്ന ചില സ്ഥാപനങ്ങൾ ഉണ്ടെന്നതാണ് വസ്തുത. പക്ഷെ ആരോഗ്യ രംഗത്ത് സമ്പൂർണ്ണമായ വാണിജ്യവൽക്കരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്നതാണ് നാം കാണേണ്ട കാര്യം. നമ്മുടെ നാട്ടിലെ വൻകിട കോർപ്പറേറ്റ് ആശുപത്രികളിലേയ്ക്ക് പണമുള്ളവരെ എത്തിച്ച് കൊടുക്കുന്ന

ഏജന്റുമാരായിട്ടാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അതോടൊപ്പം പൊതുജനങ്ങൾക്ക്, സാമാന്യ ജനങ്ങൾക്ക് ഇത്തരം സ്ഥാപനങ്ങൾ അപ്രാപ്യമായി മാറുകയാണ്. കാരണം ചികിത്സാ ചെലവ് കുതിച്ചുയരുന്നു. അതിനോട് മുഖ്യമന്ത്രിയും യോജിക്കുകയുണ്ടായി.

കോർപ്പറേറ്റ് ആശുപത്രികൾക്ക് കൊള്ളലാഭം ഉണ്ടാക്കികൊടുക്കാൻ രൂപപ്പെടുത്തിയ ഒരു സംവിധാനംപോലെയാണ് ഇത്തരം ശൃംഖലകൾ പ്രവൃത്തിക്കുന്നത് എന്നത് നാം കാണേണ്ടതായിട്ടുണ്ട്. ഇത് സാധാരണക്കാരന്റെ ആരോഗ്യസുരക്ഷയെയാണ് വെല്ലുവിളിക്കുന്നത് എന്നത് ഗൗരവമായി കാണണം. ഇവിടെ രൂപീകരിച്ച ടാസ്ക് ഫോഴ്സിനകത്ത് രാജ്യത്തെ ആരോഗ്യ രംഗത്തുള്ള സ്വകാര്യ കോർപ്പറേറ്റ് വ്യക്തികളുണ്ട് എന്നതാണ് കാണാൻ കഴിയുന്നത്. ഇവരുടെ ഫെസിലിറ്റേറ്റർ ആയിട്ടാണ് G.T.T.C.I. എന്ന സ്ഥാപനം പ്രവൃത്തിക്കുന്നത്. അതിന്റെ പ്രതിനിധിയെ ഇതിനകത്ത് ഉൾപ്പെടുത്തുകയാണ്. യു.പി.-യിലെ മുൻ ചീഫ് സെക്രട്ടറിയെക്കുറിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ചില വിശേഷണങ്ങൾ ഇവിടെ പറയുകയുണ്ടായി. ഇവിടെ ശ്രദ്ധിക്കേണ്ടത്

അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ഉദ്യോഗം സ്വകാര്യ മേഖലയിലെ ആരോഗ്യ സംവിധാനങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നുള്ളത് മുഖ്യമന്ത്രിതന്നെ മറച്ചുവച്ചുകൊണ്ടുള്ള മറുപടിയാണ് ഇവിടെ നൽകിയത്. അദ്ദേഹത്തിന്റെ സർവീസ് കാലത്ത് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട എന്തു പ്രവർത്തനത്തിലാണ് അദ്ദേഹം ഏർപ്പെട്ടിരുന്നത്? റിട്ടയർമെന്റിനുശേഷം സ്വകാര്യ കോർപ്പറേറ്റ് ശക്തികളുടെ സേവനവും ശൃംഖലയും വ്യാപിപ്പിക്കുന്നതിനുള്ള നെറ്റ്‌വർക്കിങ് നടത്തുന്ന എൻ.ജി.ഒ. സ്ഥാപനത്തിന്റെ ആൾ ആയാണ് പണിയെടുക്കുന്നത്. ഇത്തരമൊരു കച്ചവട താൽപര്യമാണ് അദ്ദേഹത്തിന് ആരോഗ്യമേഖലയുമായുള്ള ഏക ബന്ധം. സ്വാഭാവികമായും അങ്ങനെയൊരാളെ തിരഞ്ഞുകണ്ടുപിടിച്ച് ഉൾപ്പെടുത്തുമ്പോൾ അതിനകത്ത് വലിയതോതിൽ ആശങ്കയുണ്ടാകുമല്ലോ. കേരളത്തിന്റെ ആവശ്യങ്ങൾ കേരളത്തേക്കാൾ നന്നായി അറിയുന്നത് മഹാരാഷ്ട്രയിലെയും യു.പി.-യിലെയും ജനങ്ങൾക്കാണ് എന്ന് എങ്ങനെയാണ് സർക്കാർ ധരിക്കാൻ ഇടയായത്? അങ്ങനെയുള്ളവരെ തിരഞ്ഞുപിടിച്ച് ആരോഗ്യനയം രൂപപ്പെടുത്താൻ നിയോഗിച്ചതിന്റെ

ലക്ഷ്യമെന്താണ്? ദീപക് സിംഗാൾ നിലവിൽ ഗ്ലോബൽ ട്രേഡ് ആൻഡ് ടെക്നോളജി കൗൺസിൽ ഓഫ് ഇന്ത്യയുടെ ലീഡർഷിപ്പ് അഡ്വൈസറി ബോർഡിന്റെ ഭാഗമാണ്. ഇതിനുകീഴിലുള്ള G.T.T.C.I. ഹെൽത്ത്കെയർ വെഞ്ചേഴ്സിന്റെ തലപ്പത്ത് ഇരുന്നുകൊണ്ട് അദ്ദേഹം കോർപ്പറേറ്റ് ആരോഗ്യമേഖലയിലാണ് പ്രവൃത്തിക്കുന്നത്. അൽപ്പംകൂടി സ്പഷ്ടമായി പറഞ്ഞാൽ, കച്ചവടം ചെയ്യുന്നത്. എന്താണ് ഈ G.T.T.C.I.? G.T.T.C.I. ഹെൽത്ത്കെയർ വെഞ്ചേഴ്സിന്റെ വെബ്സൈറ്റിൽ പറയുന്നത് G.T.T.C.I. Healthcare Ventures, an initiative of the Global Trade and Technology Council (India), serves as a critical fecilitator an transparency engine in the healthcare sector, particularly restructuring corporate hospital interactions for domestic and international patients. ലളിതമായി പറഞ്ഞാൽ മനുഷ്യന്റെ ജീവനേയും രോഗത്തേയും വിറ്റ് കാശാക്കുന്ന കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ ഏറ്റവും പുതിയ ഏജൻസിയാണ് ഈ പറയുന്ന G.T.T.C.I. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള സമ്പന്നരായ രോഗികളെ വൻകിട ആശുപത്രികളിലേക്ക്

എത്തിച്ചുകൊടുക്കുന്ന ഒരു ഇടനിലക്കാരുടെ ശൃംഖലയായിട്ടാണ് ഇത് മാറുന്നത്. വൻകിട കോർപ്പറേറ്റ് ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും തമ്മിലുള്ള പാലമായാണ് ഇത് പ്രവൃത്തിക്കുന്നത് എന്ന് ഞാൻ നേരത്തേ പറഞ്ഞു. അത്തരത്തിലുള്ള ഒരു സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്ന ആളെ, അതിന്റെ പ്രതിനിധിയെ ഇതുമായി ബന്ധിപ്പിച്ചാൽ നമ്മുടെ ആരോഗ്യരംഗത്തിന്റെ സ്ഥിതി എന്താകും; കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സ്ഥിതിയെന്താകും? ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. അതാണ് ഇവിടെ ഇല്ലാതാകാൻ പോകുന്നത്. സമ്പന്നർക്കും ഇൻഷ്വറൻസ് പരിരക്ഷയുള്ള ആളുകൾക്കും മാത്രം ഈ ചികിത്സ പരിമിതപ്പെടുന്ന സാഹചര്യമാണ് ഉണ്ടാകുക എന്നത് നാം കാണേണ്ടതായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് വളരെ പ്രസക്തമായൊരു ചോദ്യം ചോദിച്ചു. യു.പി.-യിലുള്ള ഒരാളാണോ കേരളത്തിലെ ആരോഗ്യരംഗം തീരുമാനിക്കേണ്ടതെന്ന് ചോദിച്ചു. അങ്ങ് മുഖ്യമന്ത്രി ആയിരുന്ന സമയത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഗവേർണിങ്

കൗൺസിലിൽ വച്ചിരുന്ന ഒരു അംഗത്തിന്റെ പേര് ഡോ. വില്യം ഹാൾ, സീനിയർ അഡ്വൈസർ ഐ.എ.വി., പ്രൊഫസർ ഓഫ് സ്കൂൾ ഓഫ് മെഡിസിൻ, യൂണിവേഴ്സിറ്റി കോളേജ് ഡബ്ലിൻ. അയർലണ്ടിലുള്ള ഒരു ഡോക്ടറെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചതിനെ ഞാൻ എതിർക്കുന്നില്ല. കൃത്യമായ തീരുമാനമാണ്. അത് വച്ചയാൾ യു.പി.-യിലുള്ള ആളിനെ വയ്ക്കാമോയെന്ന എന്നോടു ചോദിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ ഇനി ഇങ്ങോട്ട് (പ്രതിപക്ഷ അംഗങ്ങളെ നോക്കി) നോക്കി പറയണോ എന്ന് അറിയില്ല. സാധാരണ ഞാൻ ഇങ്ങോട്ട് നോക്കി പറയാറില്ല. ബഹുമാനപ്പെട്ട സ്പീക്കറെ നോക്കിയാണ് പറയാറുള്ളത്. ഇനി നിങ്ങളെ നോക്കി പറയാമെന്ന തോന്നുന്നു. അതാണ് നല്ലതെന്ന തോന്നുന്നു. മുഖ്യമന്ത്രി ഇത് തന്നെ ആവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളെനോക്കി പറയുന്നതായിരിക്കും നല്ലതെന്ന തോന്നുന്നു. ശ്രീ. വില്യം ഹാൾ എന്ന വ്യക്തി ലോകത്തെ ഈ രംഗത്തെ ഏറ്റവും വലിയ വിദഗ്ദനാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യത്തിൽ മുഖ്യമന്ത്രി പരാമർശിച്ച ശ്രീ. വില്യം ഹാൾ, ഞാൻ

നിങ്ങളെത്തന്നെ നോക്കാം. മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ ഞാനൊന്ന തിരിഞ്ഞുനോക്കിയതാണ്.

മി. സ്പീക്കർ: അങ്ങ് സമയംകൂടി ഒന്ന് ആലോചിച്ചോളൂ.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഓരോരുത്തർക്കും കാര്യങ്ങൾ അവതരിപ്പിക്കുന്നതിനു അവരവരുടേതായ ശൈലിയുണ്ട്. അങ്ങ് അവതരിപ്പിക്കുന്ന ശൈലി ഞാൻ ഒരു കാരണവശാലും ഇമിറ്റേറ്റ് ചെയ്യില്ല. എന്റെ രീതി വേറെയാണ്. അങ്ങ് അതിനെ പരിഹസിക്കരുത്. ഞാൻ അങ്ങയുടെ ശൈലിയേയോ അങ്ങയുടെ രീതിയേയോ കഴിഞ്ഞ അഞ്ചു കൊല്ലവും അതിനുമുമ്പുള്ള അഞ്ചുകൊല്ലവും ഒരിക്കലും പരിഹസിച്ചിട്ടില്ല. ഓരോ രീതിയിലാണ് ഓരോരുത്തരും അവതരിപ്പിക്കുന്നത്. അങ്ങേക്ക് മുമ്പ് സി.പി.എം.-ൽ നിന്ന് മുഖ്യമന്ത്രിയായ വി. എസ്. അച്ചുതാനന്ദന്റെ ശൈലി അല്ലല്ലോ അങ്ങയുടേത്. ഓരോരുത്തർക്കും അവതരിപ്പിക്കാൻ ഓരോ രീതിയുണ്ട്. അങ്ങേക്ക് ഉത്തരം കിട്ടാതായപ്പോൾ ഞാൻ അവതരിപ്പിക്കുന്ന രീതിയെ, ഞാൻ എന്റെ അംഗങ്ങളുടെ മുഖത്തേക്ക് നോക്കി, എനിക്ക് ഇടക്കിടക്ക് അഭിമാനമുണ്ടാകും, 102 പേരുണ്ടല്ലോ. അതുകൊണ്ടാണ് ഞാൻ

ഇടക്കിടയ്ക്ക് ഇങ്ങോട്ട് നോക്കുന്നത്. അങ്ങോട്ട് നോക്കാൻ അങ്ങേക്ക് ചിലപ്പോൾ വിഷമമുണ്ടാകും. കാരണം അങ്ങ് ഈ സ്ഥിതിയിലാക്കിയതാണ് അവരെ, 35 ആക്കിയതാണ്.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ പാർലമെന്ററി സമ്പ്രദായത്തിന്റെ രീതി അങ്ങയിലൂടെ സംസാരിക്കുക എന്നുള്ളതാണ്. ഞാൻ അദ്ദേഹത്തെ വിമർശിക്കാനൊന്നും പറഞ്ഞതല്ല. ഇതൊരു വിമർശനമായിട്ട് അദ്ദേഹം എടുക്കേണ്ടതായിട്ടില്ല. പക്ഷേ അദ്ദേഹം ഇനിയെങ്കിലും അത് ശീലിക്കേണ്ടതായിട്ടുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ കാലങ്ങളിലൊക്കെ ഞാൻ അദ്ദേഹത്തിന്റെ രീതി കണ്ടുകൊണ്ടിരിക്കുന്നതാണ്. അത് ഈ പറഞ്ഞ രീതിയിലാണ്. അന്ന് അദ്ദേഹത്തിന്റെ കൂടെ അധികം ആൾ ഇല്ല. ആൾ ഇല്ലാത്ത കാലത്തും, അതിൽ ചിലരൊക്കെ ഇവിടെ ഇരിക്കുന്നുണ്ടല്ലോ, അവരുടെ നേരെയും ഇങ്ങനെതന്നെയാണ് അദ്ദേഹം അന്നും സംസാരിച്ചുകൊണ്ടിരുന്നത്. അത് അദ്ദേഹത്തിന്റെ രീതിയാണെന്ന് പറയുന്നതിനോട് ഞാൻ യോജിക്കുന്നു.

പക്ഷേ സാധാരണഗതിയിൽ അതൊരു അനുകരിക്കേണ്ട രീതിയാണെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പട്ട പ്രതിപക്ഷനേതാവ്, പാർലമെന്ററി സിസ്റ്റത്തിൽ സ്പീക്കറെയാണ് അഡ്രസ്സ് ചെയ്യേണ്ടത്. അപ്പോൾ രണ്ടു കൂട്ടർക്കും യാതൊരു ബുദ്ധിമുട്ടും ഇല്ലാതെ എന്നെ നോക്കി പറയാം.

ശ്രീ. പിണറായി വിജയൻ: സർ, അതുകൊണ്ടാണ് അങ്ങയെ നോക്കി കാര്യങ്ങൾ പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, റൂൾസ് ഓഫ് ബിസിനസ്സ് എല്ലാവരും വായിച്ചുനോക്കണം. അതിൽ സ്പീക്കറെ അഡ്രസ്സ് ചെയ്യണമെന്നാണ് പറയുന്നത്. റൂൾസ് ഓഫ് ബിസിനസ്സിൽ ഒരു സ്ഥലത്തും സ്പീക്കറുടെ മുഖത്ത് നോക്കി സംസാരിക്കണമെന്ന് പറയുന്നില്ല.

മി. സ്പീക്കർ: സ്പീക്കറെ അഡ്രസ്സ് ചെയ്യണം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പട്ട മുഖ്യമന്ത്രി അങ്ങയെ തിരുത്തിയതാണെന്ന് തോന്നുന്നു. അങ്ങും പരിണിതപ്രജ്ഞനായ ഒരു

സഭാംഗം ആണല്ലോ, നേരത്തേയുള്ള ആളാണല്ലോ. അങ്ങേക്ക് കാര്യങ്ങളെക്കുറിച്ച് അറിയാം. എനിക്കതിനെക്കുറിച്ച് വേറെ കമന്റ് ഇല്ല.

മി. സ്പീക്കർ: ഞാൻ തർക്കവിഷയത്തിൽ പോകുന്നില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ടാസ്ക് ഫോഴ്സ്, വെൽനസ്സ്, ആന്റി ഏജിങ്, വ്യക്തിഗത ഹെൽത്ത് ചെക്കപ്പ് പാക്കേജുകൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുമെന്ന് പറഞ്ഞതായി കാണുന്നുണ്ട്. ഇതിൽ വരാനിരിക്കുന്ന ഇൻഷ്വറൻസ് പദ്ധതികളെ കോർപ്പറേറ്റ് വെൽനസ്സ് പാക്കേജുകളുമായി ബന്ധിപ്പിച്ചാൽ ഉണ്ടാകാൻ പോകുന്ന ആപത്ത് നാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അത് സാധാരണക്കാരുടെ അടിസ്ഥാന ആരോഗ്യ ആവശ്യങ്ങൾക്കുള്ള ഫണ്ട് വൻകിടക്കാരുടെ ആഡംബര വ്യവസായങ്ങളിലേക്ക് വഴിതിരിച്ചുവിടുന്ന അവസ്ഥയുണ്ടാക്കും. അത് സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇവിടെ എസ്.എം.എ. (SMA- Spinal Muscular Atrophy) എന്ന രോഗത്തെക്കുറിച്ച് പറയുകയുണ്ടായി. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ സ്പൈനൽ മസ്കുലാർ

അട്രോഫി ബാധിച്ച പിഞ്ചുകുഞ്ഞുങ്ങൾക്ക് നൽകിയ മരുന്നിൽ 'ക്ലിനിക്കൽ ട്രയൽ' എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇത് ഗൗരവമായ വിഷയമാണ്. സാധാരണഗതിയിൽ ആ വിഷയം ഉയർന്നുവന്നപ്പോഴുണ്ടായ അബദ്ധം മറച്ചുവയ്ക്കുന്നതിന് വിഷയത്തെ തെറ്റായി അവതരിപ്പിക്കുകയാണ്. അതിന്റെ ഭാഗമായി, ജനറിക് മരുന്നുകൾ എന്തോ പറ്റാത്ത ഒന്നാണെന്ന് പ്രതിപക്ഷം, എൽ.ഡി.എഫ്., നിലപാടെടുക്കുന്നുവെന്നാണ് ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. ഞങ്ങൾ ജനറിക് മരുന്നുകൾക്കെതിരാണെന്നും കുത്തകകൾക്കുവേണ്ടി നിലകൊള്ളുന്നതാണെന്നുമുള്ള വസ്തുതാവിരുദ്ധമായ ആരോപണമാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും മറ്റും ഉന്നയിക്കുന്നത്. ഇവിടെ പേറ്റന്റ് ആക്ട് ഭേദഗതി ചെയ്തത് ഏത് കാലത്തായിരുന്നു. കോൺഗ്രസ് നേതൃത്വത്തിലിരുന്ന ഗവൺമെന്റാണ് പേറ്റന്റ് ആക്ട് അന്ന് ഭേദഗതി ചെയ്തത്. അതുണ്ടാക്കിയ ദുഷ്യങ്ങൾ എത്രത്തോളമാണെന്ന് എല്ലാവർക്കും അനുഭവത്തിലുള്ളതാണ്. പേറ്റന്റ് വിരുദ്ധ സമരത്തിന്റെ പേറ്റന്റ് സ്വന്തമാക്കാൻ യു.ഡി.എഫ്.-ഓ മന്ത്രിയോ ശ്രമിക്കേണ്ടതില്ല. ഈ വിഷയത്തിൽ ഇടതുപക്ഷത്തിനും

എൽ.ഡി.എഫ്.-നും വ്യക്തമായ നിലപാടാണുള്ളത്. ജീവൻരക്ഷാ ഔഷധങ്ങളുടെ പേറ്റന്റിന്റെ മറവിൽ അമിത വില ഈടാക്കുന്ന കുത്തക കമ്പനികളുടെ നിലപാടിനെ എല്ലാകാലത്തും ഞങ്ങൾ എതിർത്തിട്ടുണ്ടെന്നുമാത്രമല്ല ജനറിക് മരുന്നുകളെ പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്. കഴിഞ്ഞ പത്തുവർഷത്തെ എൽ.ഡി.എഫ്. ഭരണകാലം ജനറിക് മരുന്നുകൾക്ക് നൽകിയ പ്രോത്സാഹനം ഓർക്കേണ്ടതാണ്. 2017 മേയ് 20-ന് എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച കേരള ജനറിക്സ് പദ്ധതിവഴി 1037 ഇനം ജനറിക് മരുന്നുകളാണ് കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്) മുഖേന സർക്കാർ ആശുപത്രികളിൽ എത്തിച്ചത്. എസ്.എം.എ. രോഗികൾക്ക് ജീവൻരക്ഷാ മരുന്നായ റിസ്ഡിപ്ലാം-ന് സമാന്തരമായി ജനറിക് മരുന്നുകൾ ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്നത് നാറ്റ്കോ ഫാർമ എന്ന കമ്പനിയാണ്. എന്നാൽ ഇവർക്ക് ഇന്ത്യാ രാജ്യത്ത് മരുന്ന് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പേറ്റന്റുമായി ബന്ധപ്പെട്ട തടസ്സങ്ങളാണ് നേരത്തെയുണ്ടായിരുന്നത്. 2025 ഓക്ടോബറിലാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി അവരുടെ കേസ്

തീർപ്പാക്കിയത്. അതിനുമുമ്പുതന്നെ റിസ്ഡിപ്ലാം വിലകുറച്ച് വാങ്ങി രോഗികൾക്ക് സൗജന്യമായി നൽകിത്തുടങ്ങിയതും കേരളത്തിൽ എൽ.ഡി.എഫ്. സർക്കാരാണെന്നകാര്യം ഓർക്കണം. പ്രായപരിധി പന്ത്രണ്ടായും പിന്നീട് 2026 മാർച്ചിൽ ഇരുപത്തിയഞ്ചായും ഉയർത്തിയതും എൽ.ഡി.എഫ്. സർക്കാരാണ്. അതുകൊണ്ട് ജനറിക് മരുന്നുകളോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെക്കുറിച്ച് ആരും ക്ലാസെടുക്കാൻ പുറപ്പെടേണ്ടതില്ല എന്നാണ് എനിക്ക് ഈ ഘട്ടത്തിൽ പറയാനുള്ളത്. ഇത്തരമൊരു പ്രശ്നം ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. അദ്ദേഹം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയെങ്കിലും ഇതുവരെ മറുപടി നൽകിയിട്ടില്ല. മാധ്യമങ്ങളിൽ വാർത്ത വന്നപ്പോൾ 'എനിക്കറിയില്ല എസ്.എ.റ്റി.-യിലെ ഡോ. മിനിയോട് ചോദിക്കണം' എന്ന മറുപടിയാണ് ആരോഗ്യ വകുപ്പുമന്ത്രി പറയുന്നതായി കേട്ടത്. കമ്പനി പ്രതിനിധികൾ അദ്ദേഹവുമായി ചർച്ച നടത്തിയെന്നുള്ള വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇവിടെ ജനറിക് മരുന്നുകളുടെ വക്താവായി ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ വേഷം മാറിയത് നല്ല കാര്യംതന്നെയാണ്. ജനറിക് മരുന്നുകൾ

പ്രോത്സാഹിപ്പേക്കണ്ടതാണെന്ന കാര്യത്തിൽ ഒരു സംശയവും ഞങ്ങൾക്കില്ല. ഇത്തരത്തിൽ ആരോഗ്യ രംഗത്തെ ഗൗരവതരമായി ബാധിക്കുന്ന വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി)

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഞാൻ അവരെ കണ്ടതിന്റെ രേഖ മേശപ്പുറത്തുവയ്ക്കുകയാണ്.+

മി. സ്പീക്കർ: ആയിക്കോട്ടെ, താങ്ക്യൂ വെരി മച്ച്. അങ്ങേക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ വാക്കൗട്ട് പ്രസംഗത്തിനുശേഷം സമയം അനുവദിക്കാം.

ശ്രീ. കെ. രാജൻ: സർ, 22-08-2026-ൽ കേരളത്തിലെ കുടുംബാരോഗ്യ ക്ഷേമ വകുപ്പ് പുറത്തിറക്കിയ ടാസ്ക് ഫോഴ്സിനെ സംബന്ധിച്ചുള്ള ഗവൺമെന്റ്

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

ഉത്തരവിലുള്ള ആശങ്കകളുൾപ്പെടെ രേഖപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ ആരോഗ്യ മേഖലയിലെ വളരെ ഗൗരവതരമായ പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടപ്പോൾ ആരോഗ്യ വകുപ്പിന്റെ മന്ത്രിയല്ലാതെ മുഖ്യമന്ത്രിതന്നെ ദീർഘനേരമെടുത്ത് ഇടപെട്ടുകൊണ്ട് അതിന് മറുപടി പറഞ്ഞു എന്നുള്ളതുകൊണ്ടുതന്നെ എത്രമാത്രം പ്രസക്തമാണ് ഈ പ്രശ്നമെന്നും ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളിൽ ഭരണപക്ഷത്തിന് എത്രമാത്രം ആശങ്കയുണ്ടെന്നും ബോധ്യപ്പെടുന്ന കാര്യമാണ്. ആരോഗ്യം ജനങ്ങളുടെ അവകാശമാണ്. അത് ഈ സഭയുടെ പൊതുവായ അഭിപ്രായമാണ്. അത് ജനങ്ങൾ പണം കൊടുത്തുവാങ്ങേണ്ടതല്ല. ലോകം അംഗീകരിച്ച ഒരു ആരോഗ്യ ശൃംഖല കേരളത്തിന്റെ ഭാഗമായുണ്ട്. വസൂരിപുരകളിൽനിന്നും വന്നവരാണ് കേരളത്തിലെ മനുഷ്യർ. അവർ ഇന്നുകാണുന്ന വിധത്തിൽ കേരളത്തിൽ മാത്രമല്ല, ലോകത്തെതന്നെ അദ്ഭുതപ്പെടുത്തുന്ന വിധത്തിൽ ആരോഗ്യ മേഖലയിലെ വലിയ മാറ്റങ്ങൾക്ക് വഴിമരുന്നിടുന്നതിൽ മാറി വരുന്ന ഗവൺമെന്റുകൾക്കുള്ള പങ്ക് ആരും വിസ്മരിക്കുന്നില്ല. പക്ഷേ, ഞങ്ങൾക്കെങ്ങനെയാണ് ആശങ്കയില്ലാതിരിക്കുന്നത്?

കെ.എം.എസ്.സി.എൽ. ഓഫീസുകളിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരില്ലാത്ത പ്രശ്നം മുമ്പും ഉന്നയിക്കപ്പെട്ടിരുന്നില്ലേ? നിലവിൽ കെ.എം.എസ്.സി.എൽ.-ന് ഐ.എ.എസ്. പദവിയുള്ള ഒരു എം.ഡി. ഇല്ല. എം.ഡി.യുടെയും ജി.എം. (ജനറൽ മാനേജർ)-ന്റെയും ചുമതലകൾ ഒരാൾതന്നെ വഹിക്കുന്ന സാഹചര്യമാണ് അവിടെയുള്ളത്. കെ.എം.എസ്.സി.എൽ.-ന്റെ ക്വാളിറ്റി ചെക്ക് വിഭാഗത്തെ പിരിച്ചുവിടുന്ന സാഹചര്യമുണ്ടാകുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദീർഘമായ നടപടിക്രമങ്ങളിലൂടെ ഇൻഡന്റ് പൂർത്തിയാക്കി ടെൻഡർ കഴിഞ്ഞ മരുന്നുകൾക്ക് പർച്ചേസ് ഓർഡർ നൽകാതെ, വീണ്ടും അതിവേഗം ഷോർട്ട് ടെൻഡർ വിളിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. കേരളത്തിലെ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന കമ്പനി മരുന്ന് നൽകാത്ത സാഹചര്യമുണ്ടാകുന്നു. കേരളത്തിലെ ആശുപത്രികളിൽ മരുന്നിന്റെ ക്ഷാമമുണ്ടാകുന്നു എന്നുമാത്രമല്ല, പലവിധത്തിലും ചികിത്സ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകുന്നു. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയ്ക്ക് പകരം കൊണ്ടുവന്നതാണ് സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റി (SHA).

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ. രത്തൻ യു. ഖേൽക്കർ തലപ്പത്തിരുന്ന് നയിച്ച എസ്.എച്ച്.എ., അതിന്റെ എല്ലാ നടപടിക്രമങ്ങളിൽനിന്നും പിന്മാറുന്നു. ഞങ്ങൾ എന്താണ് കരുതേണ്ടത്? ഈ ഘട്ടത്തിലാണ് നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഗവൺമെന്റിന്റെ ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് 7-10-2026-ൽ വളരെ അപകടകരമായ ഉത്തരവ് പുറത്തിറക്കുന്നത്. ടി ഉത്തരവിന്റെ എട്ടാം ഖണ്ഡം സമൂഹത്തിനകത്ത് സമഗ്രമായി ചർച്ച ചെയ്യേണ്ടതാണ്. As a " equitable financing for preventive service and potential investment or PPP model for diagnosis and wellness infrastructure specifying physical exposure procurement safeguards and public benefit." ഈ ഉത്തരവിലൂടെ പി.പി.പി. നിലവാരത്തിൽ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്തെ ഇത്തരം പരീക്ഷണങ്ങൾക്ക് വിട്ടുകൊടുക്കുകയും അതിന്റെ ഡാറ്റ ശേഖരണാധികാരം സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന അതീവ ഗൗരവമുള്ള ഈ പ്രശ്നം കേരളത്തിലെ മനുഷ്യർക്കുവേണ്ടി ഞങ്ങളെങ്ങനെ

കാണാതിരിക്കും. കേരളത്തിൽ മുൻ അനുഭവങ്ങളില്ലേ? പാലക്കാടുള്ള നിയമസഭാംഗങ്ങൾ ഈ സഭയിലുണ്ടല്ലോ? പ്ലാച്ചിമടയിലും അതുമായി ബന്ധപ്പെട്ട ഇടങ്ങളിലും എങ്ങനെയാണ് കൊക്ക-കോള കമ്പനി കടന്നുവന്നത്. പുതുശ്ശേരിയിലും പ്ലാച്ചിമടയിലുമെല്ലാമുണ്ടായ ജലചൂഷണത്തിന്റെ വലിയൊരു ചരിത്രമുണ്ട്. കേരളത്തിന്റെ ജലവിഭവം തയ്യാറാക്കുന്നതിനും കേരളത്തിൽ എവിടെയെല്ലാമാണ് ആവശ്യമായ വെള്ളമുള്ളതെന്ന് കണ്ടെത്താൻ വന്നവരിൽനിന്നും ലഭ്യമായ അറിവുപയോഗിച്ച് കൊക്ക-കോള കമ്പനി വന്നതുപോലെ, കേരളത്തിലെ ആരോഗ്യരംഗത്ത് പുറത്തുവിടാൻ പാടില്ലാത്ത പൊതുജനാരോഗ്യത്തിന്റെ വിവരശേഖരണങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു പി.പി.പി. സംവിധാനം കേരളത്തിലുണ്ടാകേണ്ടതുണ്ടോ? ജനറിക് മെഡിസിനെക്കുറിച്ച് ആർക്കാണ് തർക്കമുള്ളത്. ജനറിക് മരുന്നുകളുടെ പേറ്റന്റുമായി ബന്ധപ്പെട്ട്, പ്രോസസ് പേറ്റന്റിൽനിന്ന് പ്രോഡക്ട് പേറ്റന്റിലേക്ക് മാറാൻ അന്നത്തെ കോൺഗ്രസ് ഗവൺമെന്റ് തീരുമാനിച്ചപ്പോൾ, അതിനെതിരെ പ്രക്ഷോഭം ഉയർത്തിപ്പിടിച്ചവരല്ലേ ഈ സഭയിലിരിക്കുന്നത്. ജനറിക്

മെഡിസിനുകൾക്ക് ഒരു തടസ്സവുമില്ലെന്നുമാത്രമല്ല, ജനറിക് മെഡിസിനുകൾക്ക് ക്ലിനിക്കൽ ട്രയൽ ആവശ്യമുണ്ടോ? ജനറിക് മെഡിസിനുകൾക്ക് ബയോ ഇക്വലൻസ് സ്റ്റഡി മാത്രം പോരെ.

മി.സ്പീക്കർ: യെസ്....യെസ്...

ശ്രീ. കെ. രാജൻ: സർ, എന്റെ സമയത്തെ നിൽക്കുന്നുള്ളൂ. ബയോ ഇക്വലൻസ് സ്റ്റഡി മാത്രം വേണ്ടിവരുന്ന ജനറിക് മരുന്നുകൾക്ക് ട്രയൽ ആവശ്യമില്ലെങ്കിൽ പിന്നെങ്ങനെ ഇത്തരത്തിലൊരു ക്ലിനിക്കൽ ട്രയൽ നടത്തുന്ന സംവിധാനത്തിന്റെ മരുന്നുകൾ അവതരിപ്പിച്ചു. ഇത് ഡോക്ടേഴ്സ് സാമ്പിൾ മെഡിസിനാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. ലോകത്തെവിടെയെങ്കിലും ഡോക്ടർമാർക്ക് നൽകുന്ന സാമ്പിൾ മെഡിസിനുപുറത്ത് ക്ലിനിക്കൽ ട്രയൽ എന്നെഴുതിവയ്ക്കാറുണ്ടോ? എവിടെയെങ്കിലും കേട്ട് പരിചയമുണ്ടോ? എവിടെയും കേട്ടുപരിചയമില്ലാത്ത ഒരു പുതിയ കാര്യം ഇവിടെ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും ആശങ്കയുണ്ടാകും. കേരളത്തിന്റെ മരുന്നുരംഗത്ത് സ്വകാര്യ കച്ചവടക്കാർക്ക് കടന്നുവരാൻ അവസരം നൽകുന്നുവെന്നുമാത്രമല്ല, നേരത്തെ ഇവിടെ

സൂചിപ്പിച്ചതുപോലെ ബ്ലാക്ക്സ്റ്റോണും, കെ.കെ.ആർ. ഗ്രൂപ്പും ഉൾപ്പെടെയുള്ള കമ്പനികൾ ഈ രംഗത്തേക്ക് കടന്നുവരുമ്പോൾ ഒരു ടാസ്ക് ഫോഴ്സുണ്ടാക്കാൻ ഗവൺമെന്റ് ശ്രമം നടത്തുന്നത് എന്തുകൊണ്ടാണ്? 2016-ൽ ആയിരം പ്രസവം ഉണ്ടായാൽ പന്ത്രണ്ട് കുഞ്ഞുങ്ങൾ മരണപ്പെടുന്നൊരു സംസ്ഥാനമായിരുന്നു കേരളം. ഇപ്പോഴത് അഞ്ച് കുഞ്ഞുങ്ങളായി മാറി. എങ്ങനെയാണത്? ഒരു സ്വകാര്യ കമ്പനിയും ഒരു സ്വകാര്യ സംവിധാനവും പഠിച്ചിട്ടല്ല ഈ വിധത്തിലുള്ള ഒരു മാറ്റത്തിലേയ്ക്ക് കേരളത്തിന് പോകാൻ സാധിച്ചത്. ശിശു മരണ നിരക്ക് ഉണ്ടാകാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം ഹൃദയസംബന്ധമായ വൈകല്യം കുട്ടികൾക്കുണ്ടാകുന്നു എന്നുള്ളതുകൊണ്ട്, ശിശു മരണ നിരക്ക് കുറയ്ക്കാൻ 'ഹൃദ്യം' പോലുള്ള പദ്ധതികൾ കേരളം നടപ്പാക്കി. 'ആർദ്രം' എന്ന ഒരു മഹത്തായ മിഷനിലൂടെ കേരളം സൃഷ്ടിച്ചുകൊണ്ടുവരുന്ന ഒരു മാതൃകയുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ ജനറൽ ആശുപത്രികളിലേക്ക് കടന്നുവന്നിട്ടുള്ള കാത്ത് ലാബ് ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ ആ രംഗത്ത് കേരളം ഉയർത്തിപ്പിടിച്ചിട്ടുള്ള വലിയ മാതൃക, നമുക്കറിയാം ഇന്നത്തെ

ന്യൂറോളജിയാണെങ്കിലും അതുപോലെതന്നെ നേരത്തെ സൂചിപ്പിച്ചപോലെ കാത്ത് ലാബുകളാണെങ്കിലും നെഫ്രോളജിയാണെങ്കിലുമെല്ലാം താഴത്തെ ആശുപത്രികളിലേക്ക് തിരിച്ചുവരുന്നൊരു മാതൃകയുള്ള കേരളത്തിൽ വലിയ കെട്ടിടങ്ങളുള്ള സ്വകാര്യ ആശുപത്രികളെമാത്രം പ്രോത്സാഹിപ്പിക്കുന്ന ഉത്തർപ്രദേശിലെ അപകടകാരിയായിട്ടുള്ള ഒരു അംഗം ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് രൂപീകരിക്കപ്പെട്ട 'ടാസ്ക് ഫോഴ്സ്' അത്യന്തം പേടിക്കേണ്ട ഒന്നാണ്. ഉത്തർപ്രദേശിലെ ഏത് മാതൃകയാണ് കേരളം കടമെടുക്കാൻ പോകുന്നത്. ഓക്സിജൻ ലഭിക്കാതെ മരണപ്പെട്ട ആയിരക്കണക്കിന് കുട്ടികളുടെ ദീനരോദനങ്ങളുയരുന്ന യു.പി.-യിലെ ആരോഗ്യ മേഖലയാണോ കേരളം പഠിക്കേണ്ടത്? വേതാളം മൃതശരീരം ചുമന്നുകൊണ്ടുപോകുന്നതുപോലെ, ആംബുലൻസ് ലഭിക്കാതെ കോവിഡ് കാലത്ത് തന്റെ ഭാര്യയുടെ മൃതശരീരം തോളത്ത് തൂക്കിക്കൊണ്ട് ഏകദേശം എൺപത്തിരണ്ട് കിലോമീറ്റർ നടന്നുപോയ നഗ്നപാദനായ ഒരു മനുഷ്യനുണ്ട്. ഉത്തർപ്രദേശിന്റെ മാതൃകയാണോ, ഇവിടെ സൂചിപ്പിച്ച ഉത്തർപ്രദേശിന്റെ പഴയ ചീഫ് സെക്രട്ടറിയെ ആരാധിച്ചുകൊണ്ട് ഞാൻ

പഠിക്കേണ്ടത്. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. മരുന്നിന് വില കുറഞ്ഞില്ലെങ്കിലും ഇത്തരത്തിലുള്ള അഭിപ്രായപ്രകടനംനടത്തി ആരോഗ്യ വകുപ്പുമന്ത്രിയുടെ വില ഇനിയും കുറയ്ക്കരുത് എന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഇത്രയും ഗൗരവമായി അവതരിപ്പിക്കപ്പെട്ട ഒരു ഉപക്ഷേപത്തോട് ഈ ഗവൺമെന്റ് കാണിക്കുന്ന തെറ്റായ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. പ്രവീൺ: സർ, സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്തെ തകർക്കുന്നതിനും സ്വകാര്യമരുന്ന് ലാബ് ഇൻഷ്വറൻസ് കമ്പനിക്കാരെ സഹായിക്കുന്നതിന് ലക്ഷ്യമിട്ട്, സ്വകാര്യ ആശുപത്രികളെയും ലബോറട്ടറികളെയും മരുന്ന് കമ്പനികളെയും ഉൾപ്പെടുത്തിയാണ് ആ ടാസ്ക് ഫോഴ്സ് രൂപീകരിച്ചത്. ഇത് പൊതുജനാരോഗ്യത്തെ തകർക്കുന്ന രീതിയിലേക്കാണ് പോകുന്നത്. അതിനെ അടിസ്ഥാനമാക്കിയാണ് നടപടികൾ നിർത്തിവയ്ക്കുന്ന ഉപക്ഷേപം ഇവിടെ ചർച്ചക്ക് കൊണ്ടുവന്നത്.

കേരളത്തെ സംബന്ധിച്ചിടത്തോളം ലോകത്തുപോലും ശ്രദ്ധയാകർഷിച്ച ആരോഗ്യ മേഖലയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പക്ഷേ ഇപ്പോഴുണ്ടാക്കിയ പുതിയൊരു ടാസ്ക് ഫോഴ്സിൽ പ്രത്യേകം പറയുന്നത് ജി.ടി.ടി.സി.ഐ. ഹെൽത്ത് കെയറിനെ ഉൾപ്പെടുത്തിക്കൊണ്ടാണ് വരുന്നത്, അതിന്റെ കീഴിലുള്ള ഹോസ്പിറ്റൽ എടുത്തുകഴിഞ്ഞാൽ നാൽപതോളം മൾട്ടി നാഷണൽ ഹോസ്പിറ്റലാണുള്ളത്. പ്രത്യേകിച്ച് യശോദ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, അംബാനിയുടേതാണ്, അതുപോലെ സി.കെ. ബിർളാ ഹോസ്പിറ്റൽ, പാരാസ് (Paras Hospital) ഹോസ്പിറ്റൽ തുടങ്ങി നാൽപതോളം ഹോസ്പിറ്റലാണുള്ളത്. ഇതിലുള്ള അംഗങ്ങളെക്കുറിച്ച് നേരത്തെയിവിടെ സൂചിപ്പിച്ചു. ഉത്തർപ്രദേശിലെ മുൻ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. ദീപക് സിംഗാളിനെക്കുറിച്ച്, അദ്ദേഹം അവിടെ അഴിമതി കേസിൽ അന്വേഷണം നേരിട്ട ആളാണ്. ചില അംഗങ്ങളുടെ പേര് സൂചിപ്പിക്കാം, ശ്രീ. ഫൈസൽ. ഇ. കൊട്ടിക്കോളൻ മൾട്ടി നാഷണൽ കമ്പനിയായ കെ.ഇ.എഫ്. ഹോൾഡിങ്സിന്റെ ചെയർമാനാണ്. അതുപോലെ ശ്രീ. ഹർഷ് മഹാജൻ ഡൽഹി ആസ്ഥാനമായ മഹാജൻ ഇമേജിങ് & ലാബ്സ് മൾട്ടി നാഷണൽ

കമ്പനിയുടെ ചെയർമാനാണ്. ജീവ ആയുർവേദിന്റെ ചെയർമാൻ, മൾട്ടി നാഷണൽ ഹോസ്പിറ്റലായ ഗ്ലോബൽ ഹോസ്പിറ്റലിന്റെ ചെയർമാൻ ഡോ. രവീന്ദ്രനാഥ് കാഞ്ചെർല. ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലെയും തലസ്ഥാനങ്ങളിൽമാത്രം കാണുന്ന ഹോസ്പിറ്റൽ, ഇപ്പോൾ അത് 'ഗ്ലെൻഈഗിൾസ്'(gleneagles) എന്നാണ് അറിയപ്പെടുന്നത്. ഇവരെയെല്ലാമുൾപ്പെടുത്തിയാണ് ഇത് നടപ്പാക്കാൻ ശ്രമിക്കുന്നത്. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം നേരത്തെ ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, എല്ലാ മെയിൻ ഹോസ്പിറ്റലുകളും സ്വകാര്യ ഹോസ്പിറ്റലുകളും മൾട്ടി നാഷണൽ കമ്പനികൾ ഏറ്റെടുത്തുപോകുകയാണ്. അതുമാത്രമല്ല പതിമൂന്നോളം ഫാർമസ്യൂട്ടിക്കൽ കമ്പനികൾപോലും ഇപ്പോൾ മൾട്ടി നാഷണൽ കമ്പനികൾ എടുത്തിരിക്കുകയാണെന്നത് ഏറ്റവും വലിയ അപകടമായ രീതിയാണ്, ആ മരുന്നിന്റെ വിലപോലും കുതിച്ചുയരുകയാണ്. അവിടെയാണ് നമ്മൾ ഈ പരീക്ഷണത്തിനായി മുന്നോട്ടുപോകുന്നത്. ഇതിനെതിരെയാണ് അടിയന്തരമായ ഒരു ചർച്ച വേണമെന്ന് ആവശ്യപ്പെട്ടത്.

ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വാക്കൗട്ട് പ്രസംഗത്തിൽ ഞാൻ ഈ കമ്പനിയുമായി എന്തോ ചർച്ച നടത്തിയതെന്ന് സൂചിപ്പിക്കുകയുണ്ടായി, കമ്പനിയുമായി ചർച്ച നടത്തിയതല്ല, അദ്ദേഹം സി.എസ്.ആർ. ഫണ്ട് ഈ കമ്പനി എസ്.എ.റ്റി.-ക്ക് നൽകിയതിന്റെ സർട്ടിഫിക്കറ്റ് കൈമാറാൻ വന്നതാണ്, അത് അപ്പോൾതന്നെ എസ്.എ.റ്റി.-ക്ക് നൽകുകയും ചെയ്തു. അത് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്